കേരള സർക്കാർ

LSGD
തദ്ദേശ സ്വയംഭരണ വകുപ്പ്

തദ്ദേശ സ്വയംഭരണ വകുപ്പ് പ്രസിദ്ധീകരണം

# തദ്ദേശകം

ജനുവരി 2026 | പുസ്തകം 2 ലക്കം 1




കുടുംബശ്രീ
ദേശീയ സരസ് മേള 2026
ജനുവരി 02-11
ചാലിശ്ശേരി · തൃത്താല

കേരള സർക്കാർ

LSGD

# അഴിമതി രഹിത തദ്ദേശ സ്ഥാപനങ്ങൾ

## തദ്ദേശ സ്വയംഭരണ വകുപ്പ് എന്നും ജനങ്ങൾക്കൊപ്പം...

തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലെ
അഴിമതി / കൈക്കൂലി സംബന്ധിച്ച
പരാതികൾ പൊതുജനങ്ങൾക്ക്

**807 806 60 60**

എന്ന വാട്സ്ആപ് നമ്പറിൽ
അറിയിക്കാം.

തദ്ദേശ സ്വയംഭരണ വകുപ്പ്
കേരള സർക്കാർ

# തദ്ദേശകം

ജനുവരി 2026 പുസ്തകം 2 ലക്കം 1

തദ്ദേശ സ്വയംഭരണ വകുപ്പ് പ്രസിദ്ധീകരണം

ഉപദേശക സമിതി

*ചെയർമാൻ*
**എം.ബി. രാജേഷ്**
തദ്ദേശ സ്വയംഭരണവകുപ്പുമന്ത്രി

*കൺവീനർ*
**ജെറോമിക് ജോർജ്ജ്** ഐ.എ.എസ്
പ്രിൻസിപ്പൽ ഡയറക്ടർ, ത.സ്വ.ഭ.വ.

*അംഗങ്ങൾ*
**അപൂർവ്വ ത്രിപാഠി** ഐ.എ.എസ്
ഡയറക്ടർ, എൽ.എസ്.ജി.ഡി (റൂറൽ)
**സൂരജ് ഷാജി.** ഐ.എ.എസ്
ഡയറക്ടർ, എൽ.എസ്.ജി.ഡി (അർബൻ)
**എ. നിസാമുദ്ദീൻ.** ഐ.എ.എസ്
ഡയറക്ടർ, കില

**ഷിജി ഇ ചന്ദ്രൻ**
ചീഫ് ടൗൺ പ്ലാനർ

**സന്ദീപ്. കെ.ജി**
ചീഫ് എൻജിനീയർ
**എം.പി. അജിത്കുമാർ**
അഡീഷണൽ ഡയറക്ടർ

പ്രസിഡന്റ്, ഗ്രാമപഞ്ചായത്ത് അസോസിയേഷൻ

പ്രസിഡന്റ്, ബ്ലോക്ക് പഞ്ചായത്ത് അസോസിയേഷൻ

ചെയർപേഴ്സൺ, ജില്ലാപഞ്ചായത്ത് പ്രസിഡന്റ് ചേംബർ

ചെയർമാൻ, ചേംബർ ഓഫ് മുൻസിപ്പൽ ചെയർമാൻ

പ്രസിഡന്റ്, മേയേർസ് കൗൺസിൽ സെക്രട്ടറി, പ്രസ് ക്ലബ്, തിരുവനന്തപുരം

*എഡിറ്റർ*
**ദീപ. കെ.**
*ചീഫ് ഓഫീസർ,*
കമ്മ്യൂണിക്കഷൻ & പബ്ലിക് റിലേഷൻസ്

*അസിസ്റ്റന്റ് എഡിറ്റർ*
**ദിനിൽ. ആർ**
സ്റ്റേറ്റ് കമ്മ്യൂണിക്കേഷൻ ഓഫീസർ,

*കമ്മ്യൂണിക്കേഷൻ അസിസ്റ്റന്റ്*
**ഷിജു ഏലിയാസ്**

*സർക്കുലേഷൻ മാനേജർ*
**ജയപ്രകാശ്. കെ**
അസിസ്റ്റന്റ് കമ്മ്യൂണിക്കേഷൻ ഓഫീസർ

*കവർ & ലേ-ഔട്ട്*
**ദീപക് മൗത്താട്ടിൽ**

*ഓഫീസ്*
എൽ.എസ്.ജി.ഡി. ഇൻഫർമേഷൻ ബ്യൂറോ
പ്രിൻസിപ്പൽ ഡയറക്ടറേറ്റ്
സ്വരാജ് ഭവൻ, നന്തൻകോട്
കവടിയാർ. പി.ഒ. തിരുവനന്തപുരം-03
ഫോൺ- 0471 2317262

ribkerala@gmail.com
lsgdpr2024@gmail.com

## എഡിറ്റോറിയൽ

# എല്ലാവർക്കും ഇടമുള്ള 'നവകേരളം'

സാമൂഹികമായി മാറ്റി നിർത്തപ്പെട്ടവർക്കും സാമ്പത്തിക അവശതകൾ അനുഭവിക്കുന്നവർക്കും ഭിന്നശേഷിക്കാർക്കും നീതിപൂർവ്വമായ പരിഗണനയും അർഹമായ അവസരങ്ങളും ലഭിക്കുന്നുണ്ടോ എന്നതാണ് പുരോഗതിയുടെ യഥാർത്ഥ അളവുകോൽ. സ്ത്രീ ശാക്തീകരണവും പട്ടികജാതി - പട്ടികവർഗ വികസനവും മുൻഗണനാ മേഖലകളായി കാണുന്ന വികസന കാഴ്ചപ്പാടാണ് കേരളത്തെ മുന്നോട്ടു നയിക്കുന്നത്. വനിതാഘടക പദ്ധതി, പട്ടികജാതിക്കാർക്കുള്ള പ്രത്യേക ഘടക പദ്ധതി, പട്ടിക വർഗ ഉപപദ്ധതി, ഭിന്നശേഷിക്കാർക്കുള്ള പ്രത്യേക പദ്ധതികൾ എന്നിവയിലൂടെ സാമൂഹ്യ നീതിയിൽ ഊന്നിയ പ്രാദേശിക വികസനത്തോടുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്രതിബദ്ധതയും നാം ഉറപ്പിച്ചു.

ആരെയും മാറ്റി നിർത്താത്ത നമ്മുടെ സവിശേഷ വികസന മാതൃകയുടെ അടിസ്ഥാന സ്തംഭങ്ങളായ പട്ടിക വിഭാഗ വികസനവും സ്ത്രീ ശാക്തീകരണവും സാധ്യമാക്കുന്നതിൽ സംസ്ഥാനത്തെ പ്രാദേശിക സർക്കാരുകൾ വഹിക്കുന്ന പങ്കാണ് ഈ ലക്കം പ്രധാനമായി പരിശോധിക്കുന്നത്. പട്ടികജാതി, പട്ടികവർഗ വിഭാഗങ്ങളെ വികസനത്തിന്റെ മുഖ്യധാരയിൽ നിലനിർത്താൻ ജനകീയാസൂത്രണം സഹായിച്ചു. വിദ്യാഭ്യാസം, തൊഴിൽ, ആരോഗ്യം എന്നീ മേഖലകളിൽ കേന്ദ്ര-സംസ്ഥാന പദ്ധതികളുടെ പ്രയോജനം യഥാസമയം അർഹരിലേക്ക് എത്തുന്നുണ്ടെന്ന് ഉറപ്പുവരുത്തിയും തനതു പദ്ധതികൾ ആവിഷ്ക്കരിച്ചു നടപ്പിലാക്കിയുമാണ് നമ്മുടെ പ്രാദേശിക സർക്കാരുകൾ ഇത് സാധ്യമാക്കിയത്. ഉന്നതികളിലും സങ്കേതങ്ങളിലും ഊരുകളിലും അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പാക്കുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങൾ പദ്ധതികൾ ഏറ്റെടുത്തു. വികേന്ദ്രീകരിക്കപ്പെട്ട അധികാരം സമൂഹത്തിലെ അവസാനത്തെ വ്യക്തിയിലേക്കും എത്തി. എല്ലാവരെയും ഉൾക്കൊള്ളുന്ന ഒരു വികസന സംസ്കാരം നമ്മൾ വളർത്തിയെടുത്തു. പാർശ്വവൽക്കരിക്കപ്പെട്ട സാമൂഹ്യ വിഭാഗങ്ങളും സ്ത്രീകളും വികസനത്തിന്റെ ഗുണഭോക്താക്കളായി ഒതുങ്ങാതെ അതിന്റെ ചാലകശക്തികൾ ആയി മാറി.

കുടുംബശ്രീ കൂട്ടായ്മയും അതിന്റെ ഭാഗമായ ലഘുസമ്പാദ്യ പദ്ധതിയും അതിലൂടെ കൈവന്ന സാമ്പത്തിക സ്വാശ്രയത്വവും സ്ത്രീകളെ സ്വന്തം ജീവിതത്തിലും സമൂഹത്തിലും തീരുമാനങ്ങൾ എടുക്കാൻ പ്രാപ്തരാക്കി. സ്ത്രീകൾക്ക് അവർ അർഹിക്കുന്ന വിധത്തിൽ തദ്ദേശ ഭരണാധികാരത്തിൽ പങ്ക് ലഭിച്ചതോടെ സമൂഹം കൂടുതൽ ജനാധിപത്യപരമായി. പദ്ധതി ആസൂത്രണത്തിലും നടത്തിപ്പിലും സ്ത്രീകളുടെ ഇടപെടൽ ശേഷി വർധിച്ചു. സ്ത്രീകളുടെ നേതൃത്വപരമായ പങ്കാളിത്തം കേരളത്തിലെ തദ്ദേശ സ്ഥാപനങ്ങളുടെ ഭരണത്തിന് കൂടുതൽ ആർദ്രതയുള്ള മനുഷ്യമുഖം നൽകിയിരിക്കുന്നു.

ജനകീയാസൂത്രണത്തിന്റെ ഈ മുപ്പതാം വർഷത്തിൽ എല്ലാവർക്കും ഇടമുള്ള വികസനമെന്ന കാഴ്ചപ്പാടോടെ 'നവകേരള' ദൗത്യത്തിൽ നമുക്ക് കൈകോർക്കാം.

**ദീപ കെ.**
എഡിറ്റർ

# ഉള്ളടക്കം






06
തദ്ദേശഭരണവും
പട്ടിക വിഭാഗ വികസനവും
ഒ.ആർ. കേളു
ബഹു. പട്ടികജാതി, പട്ടികവർഗ്ഗ,
പിന്നോക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി

12
നവകേരള മിഷനുകളും
തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും
ജെറോമിക് ജോർജ്ജ് ഐ.എ.എസ്.
പ്രിൻസിപ്പൽ ഡയറക്ടർ

18
തദ്ദേശ സ്വയം ഭരണവും
ഡിജിറ്റൽ ദൗത്യവും
ടിമ്പിൾ മാഗി
കൺട്രോളർ ഓഫ് അഡ്മിനിസ്ട്രേഷൻ, ഐ.കെ.എം.


24
കുടുംബശ്രീ
സ്ത്രീശാക്തീകരണത്തിന്റെ കേരള മാതൃക
എസ്. ആശ

28
സംരംഭകർക്ക് ആവേശമായി
കുടുംബശ്രീ ദേശീയ സരസ് മേള
ആശ എസ്. പണിക്കർ

**ഒ.ആർ. കേളു**
ബഹു. പട്ടികജാതി, പട്ടികവർഗ്ഗ,
പിന്നോക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി



# തദ്ദേശഭരണവും പട്ടിക വിഭാഗ വികസനവും



കേരളത്തിലെ വികേന്ദ്രീകൃതാസൂത്രണ പ്രവർത്തനങ്ങൾ മൂന്ന് ദശാബ്ദം പിന്നിടുമ്പോൾ പ്രാദേശിക സാമ്പത്തിക വികസനത്തിനപ്പുറം നവകേരള വികസന പദ്ധതികൾ സമൂഹത്തിന്റെ ഏറ്റവും താഴെതട്ടിൽവരെ എത്തിക്കുന്നതിൽ തദ്ദേശസ്ഥാപനങ്ങൾ നിർണായക പങ്കാണ് വഹിച്ചിട്ടുള്ളത്. പ്രാദേശിക സർക്കാരുകൾ കഴിഞ്ഞ 5 വർഷങ്ങളിൽ നടപ്പിലാക്കിയ നൂതന പദ്ധതികൾ മാനവ, സാമൂഹിക വികസന സൂചികകളിൽ നമ്മുടെ നാടിനെ ഒന്നാമതെത്തിക്കുന്നതിൽ പ്രധാന പങ്ക് വഹിച്ചു. കോവിഡ് മഹാമാരിക്കാലത്ത് അധികാരത്തിലേറിയ പ്രാദേശിക സർക്കാരുകൾ ആരോഗ്യ മേഖലയിൽ നടത്തിയ ഇടപെടലുകളും കഴിഞ്ഞ അഞ്ചുവർഷക്കാലം നടത്തിയ വികസന പ്രവർത്തനങ്ങളും കേരളത്തെ സാമൂഹ്യ നീതിയുടെയും വികസനത്തിന്റേയും പുതിയ തലത്തിൽ എത്തിക്കാൻ സഹായിച്ചിട്ടുണ്ട്.

> പ്രാദേശിക സർക്കാരുകൾ കഴിഞ്ഞ 5 വർഷങ്ങളിൽ നടപ്പിലാക്കിയ നൂതന പദ്ധതികൾ മാനവ സാമൂഹിക വികസന സൂചികകളിൽ നമ്മുടെ നാടിനെ ഒന്നാമതെത്തിക്കുന്നതിൽ പ്രധാന പങ്ക് വഹിച്ചു.

അതിദാരിദ്ര്യ നിർമാർജ്ജനം, മാലിന്യമുക്ത നവകേരളം, നഗരവികസന കമ്മീഷൻ, സംരംഭകത്വ വികസനം, ലൈഫ് മിഷൻ, സമ്പൂർണ്ണ ഡിജിറ്റൽ സാക്ഷരത, സമഗ്ര പാലിയേറ്റീവ് ശൃംഖല തുടങ്ങിയ വികസന പ്രവർത്തനങ്ങൾക്ക് ഇതിൽ ദേശീയ, അന്തർദേശീയ ശ്രദ്ധ നേടാൻ കഴിഞ്ഞു.

കേരളത്തിലെ ജനസംഖ്യയിൽ 9.1% (30.9 ലക്ഷം) പട്ടികജാതി വിഭാഗക്കാരും 1.45% (4.85 ലക്ഷം) പട്ടികവർഗ്ഗ വിഭാഗക്കാരുമാണ് ഉള്ളത്. ഇതിൽ പട്ടികജാതി ജനസംഖ്യയുടെ 3.65% ദുർബലവിഭാഗങ്ങളിലും പട്ടികവർഗ്ഗ ജനസംഖ്യയുടെ 2% പ്രത്യേക പരിരക്ഷ ആവശ്യമുള്ള ദുർബല ഗോത്രവിഭാഗങ്ങളിലുമാണ് ഉൾപ്പെടുന്നത്. പട്ടികജാതി-പട്ടികവർഗ്ഗ വികസനത്തിനായി സംസ്ഥാന

സർക്കാർ ജനസംഖ്യാനുപാതത്തേക്കാൾ കൂടിയ ബജറ്റ് വിഹിതം നീക്കിവെക്കുന്നുണ്ട്. പട്ടികജാതി ഉപപദ്ധതിക്കായി 9.81%വും പട്ടികവർഗ്ഗ ഉപപദ്ധതിക്കായി 2.83%വും ഇത്തരത്തിൽ വകയിരുത്തുന്നു. വികേന്ദ്രീകൃത ആസൂത്രണ പദ്ധതികൾ നടപ്പിലാക്കുന്നതിനായി പ്രാദേശിക സർക്കാരുകൾക്ക് ഇതിൽ ഏകദേശം 50% ഫണ്ട് പട്ടികജാതി ഉപപദ്ധതിയിലും 25% ഫണ്ട് പട്ടികവർഗ്ഗ ഉപപദ്ധതിയിലുമായി നൽകുന്നു. 2025-26ൽ പ്രാദേശിക സർക്കാരുകൾക്ക് പട്ടികജാതി വികസനത്തിനായി 1435.25 കോടി രൂപയും പട്ടികവർഗ്ഗ വികസനത്തിനായി 215.74 കോടി രൂപയും ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

ഇത്തരത്തിൽ വകയിരുത്തുന്ന തുക പ്രാദേശിക ആവശ്യങ്ങൾ പരിഗണിച്ച് ഊരുകൂട്ടങ്ങളും വാർഡ്സഭകളും ചേർന്ന് പദ്ധതികൾ തയ്യാറാക്കിയാണ് ചെലവഴിക്കുന്നത്. 2017-18 മുതൽ 2023-24 വരെയുള്ള കാലയളവിൽ പ്രാദേശിക സർക്കാരുകൾ വകയിരുത്തിയ പട്ടികജാതി ഫണ്ടിന്റെ 78%വും പട്ടികവർഗ്ഗ ഉപപദ്ധതി ഫണ്ടിന്റെ 70%വും ചെലവഴിച്ചു. കോർപ്പറേഷൻ, മുനിസിപ്പാലിറ്റി, ജില്ലാ പഞ്ചായത്ത് തലങ്ങളെ അപേക്ഷിച്ച് ഗ്രാമ-ബ്ലോക്ക് തലങ്ങളിലാണ് കൂടുതൽ ഫണ്ട് ചെലവഴിച്ചുവരുന്നത്. വികസന പ്രക്രിയയിൽ നേരിട്ട് പങ്കെടുക്കാൻ നിയമപരമായ അവകാശം ലഭിച്ചത്, TSP-SCP ഫണ്ടുകൾ തദ്ദേശ സ്ഥാപനങ്ങളിലേയ്ക്ക് കൈമാറ്റം ചെയ്തത്, പ്രാദേശിക നേതാക്കളുടെ വളർച്ച, അടിസ്ഥാന ആവശ്യങ്ങൾക്കുള്ള മുൻഗണന എന്നിവ വികേന്ദ്രീകൃതാസൂത്രണത്തിന്റെ പ്രധാന നേട്ടങ്ങളാണ്.

കേരളത്തിലെ നവോത്ഥാന നായകർ പകർന്നു നൽകിയ മൂല്യങ്ങൾ സംരക്ഷിക്കുന്നതിലും യഥാർത്ഥ വികസന മാതൃകകൾ സൃഷ്ടിക്കുന്നതിലും രാജ്യത്ത് ഇന്നൊരു ബദലാണ് നമ്മുടെ സംസ്ഥാനം. ഈ നേട്ടങ്ങൾ സംരക്ഷിക്കുന്നതിൽ കേന്ദ്ര സർക്കാരിന്റെ പിന്തുണ ആവശ്യമാണ്. സംസ്ഥാന സർക്കാർ അധികാരങ്ങളും ബജറ്റ് വിഹിതമടക്കം വിഭവങ്ങളും നൽകി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ ശക്തിപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നു.

കഴിഞ്ഞ 10 വർഷങ്ങൾ കൊണ്ട് കേരളത്തിലെ പട്ടികവിഭാഗങ്ങളെ കൈപിടിച്ചുയർത്താൻ സർക്കാർ നടത്തിയ ശ്രമങ്ങൾക്ക് ലോകം സാക്ഷിയാണ്. 1104 വിദ്യാർത്ഥികൾക്ക് മികച്ച വിദേശ സർവകലാശാലകളിൽ പഠനത്തിനായി 213.86 കോടി രൂപയാണ് ചെലവഴിച്ചത്. ഓരോരുത്തർക്കും 25 ലക്ഷം രൂപ വരെ സ്കോളർഷിപ്പ് നൽകിയാണ് പഠന സൗകര്യം ഒരുക്കിയത്.



പട്ടികജാതി–
പട്ടികവർഗ്ഗ വികസനത്തിനായി
സംസ്ഥാന സർക്കാർ ജനസംഖ്യാനു
പാതത്തേക്കാൾ കൂടിയ ബജറ്റ് വിഹിതം
നീക്കിവെക്കുന്നുണ്ട്. പട്ടികജാതി
ഉപപദ്ധതിക്കായി 9.81%വും പട്ടികവർഗ്ഗ
ഉപപദ്ധതിക്കായി 2.83%വും
ഇത്തരത്തിൽ വകയിരുത്തുന്നു.
വികേന്ദ്രീകൃത ആസൂത്രണ പദ്ധതികൾ
നടപ്പിലാക്കുന്നതിനായി പ്രാദേശിക
സർക്കാരുകൾക്ക് ഇതിൽ ഏകദേശം
50% ഫണ്ട് പട്ടികജാതി ഉപപദ്ധ
തിയിലും 25% ഫണ്ട് പട്ടികവർഗ്ഗ
ഉപപദ്ധതിയിലുമായി
നൽകുന്നു.

1246 ഉന്നതികളിൽ അംബേദ്കർ ഗ്രാമ അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ നടപ്പിലാക്കി. ഭൂമി ലഭ്യമാക്കൽ പദ്ധതികൾക്ക് അപേക്ഷിക്കാനുള്ള പ്രായപരിധി 55 ൽ നിന്നും 70 ആയും വരുമാന പരിധി 1 ലക്ഷമായും ഉയർത്തി. 45,505 കുടുംബങ്ങൾക്ക് ഭൂമി നൽകി. അപൂർണ്ണ ഭവനങ്ങളുടെ പൂർത്തീകരണത്തിന് സേഫ് പദ്ധതി ആവിഷ്ക്കരിച്ചു. 52,104 പട്ടികജാതി ഭവനങ്ങളും 26,910 പട്ടികവർഗ്ഗ ഭവനങ്ങളും ഇതിലൂടെ നവീകരിച്ചു. ലാന്റ് ബാങ്ക്, ഭൂരഹിത ഭവന പുനരധിവാസ പദ്ധതി എന്നിവ നടപ്പാക്കി. ഫോറസ്റ്റ് വില്ലേജ് റവന്യൂ ഭൂമിയായി പരിവർത്തനം ചെയ്യുന്നതിന് നടപടി സ്വീകരിച്ചു. എല്ലാ പട്ടികവർഗ്ഗവിഭാഗക്കാരുടേയും അടിസ്ഥാന രേഖകൾ ഡിജിറ്റലൈസ് ചെയ്ത് സൂക്ഷിക്കുന്ന എ.ബി.സി.ഡി. പദ്ധതി നടപ്പാക്കി.

**45,505 കുടുംബങ്ങൾക്ക് ഭൂമി നൽകി. അപൂർണ്ണ ഭവനങ്ങളുടെ പൂർത്തീകരണത്തിന് സേഫ് പദ്ധതി ആവിഷ്ക്കരിച്ചു. 52,104 പട്ടികജാതി ഭവനങ്ങളും 26,910 പട്ടികവർഗ്ഗ ഭവനങ്ങളും ഇതിലൂടെ നവീകരിച്ചു. ലാന്റ് ബാങ്ക്, ഭൂരഹിത ഭവന പുനരധിവാസ പദ്ധതി എന്നിവ നടപ്പാക്കി.**



പ്രീ-പ്രൈമറി മുതൽ പി.എച്ച്.ഡി.വരെ പ്രതിവർഷം 6 ലക്ഷം പട്ടികവിഭാഗ വിദ്യാർത്ഥികൾക്കാണ് വരുമാന പരിധിയില്ലാതെ സ്കോളർഷിപ്പുകൾ നൽകുന്നത്. കേന്ദ്ര സർക്കാർ വരുമാന പരിധി പരിഗണിച്ച് 2.5 ലക്ഷം രൂപവരെ വരുമാനമുള്ളവർക്ക് മാത്രം ഇ-ഗ്രാന്റ്സ് അനുവദിക്കുകയും അതിന്റെ 60% മാത്രം കേന്ദ്ര  വിഹിതമായി നൽകുകയും ചെയ്യുമ്പോൾ കേരളസംസ്ഥാനം വിദ്യാഭ്യാസത്തിന് അതീവ പ്രാധാന്യം നൽകി പദ്ധതി നടപ്പിലാക്കുന്നു. കേന്ദ്ര സർക്കാർ നിർത്തലാക്കിയ OBC സ്കോളർഷിപ്പിന് പകരം 1 മുതൽ 8 വരെ ക്ലാസുകളിലെ OBC വിദ്യാർത്ഥികൾക്ക് പൂർണ്ണമായും സംസ്ഥാന പദ്ധതിയായി കെടാവിളക്ക് സ്കോളർഷിപ്പ് ഏർപ്പെടുത്തി. വീടുകളിലെ പഠനസൗകര്യത്തിന് 40,236 വീടുകളിലാണ് പഠനമുറി പൂർത്തീകരിച്ചത്. 5-ാം ക്ലാസ്സിലുള്ള വിദ്യാർത്ഥികളേയും കേന്ദ്രീയ വിദ്യാലയ വിദ്യാർത്ഥികളെയും ഉൾപ്പെടുത്തി പദ്ധതി വിപുലീകരിച്ചു. പട്ടികവർഗ്ഗ മേഖലയിൽ സാമൂഹ്യ പഠനമുറിക്ക് പുറമേ വ്യക്തിഗത ആനുകൂല്യമായി സ്മാർട്ട് പഠനമുറി പദ്ധതിയും ഈ വർഷം മുതൽ ആരംഭിച്ചു.

കേരളത്തിന്റെ വ്യവസായ വളർച്ചയിൽ സംരംഭകത്വത്തിലൂടെ തൊഴിലും വരുമാനവും ഉറപ്പുവരുത്തി പട്ടിക വിഭാഗക്കാരെ മുൻപന്തിയിലെത്തിക്കുവാൻ പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷനുമായി ചേർന്ന് 'സമൃദ്ധി കേരളം' പദ്ധതി ആരംഭിച്ചു. ഇതു വഴി വ്യവസായ സംരംഭകർക്ക് 10 ലക്ഷം രൂപവരെ കുറഞ്ഞ വായ്പ നിരക്കിൽ സബ്സിഡിയോടു കൂടി അധിക വായ്പ നൽകിവരുന്നു. രാജ്യത്തിന് മാതൃകയായി വകുപ്പിന് കീഴിലെ പാലക്കാട് മെഡിക്കൽ കോളേജ് മികച്ച നിലയിൽ പ്രവർത്തിക്കുന്നു. 5 ബാച്ചുകളിലായി 500 വിദ്യാർത്ഥികൾ MBBS പൂർത്തിയാക്കുകയും 500 വിദ്യാർത്ഥികൾ പഠനം നടത്തിവരികയും ചെയ്യുന്നു. വനാശ്രിതരായ ഗോത്ര വിഭാഗങ്ങളിൽ നിന്ന് 500 ബീറ്റ് ഫോറസ്റ്റ് ഓഫീസർമാർ, 5000 പട്ടിക വിഭാഗം പ്രൊഫഷണലുകൾക്ക് ഇന്റേൺഷിപ്പ് തുടങ്ങി തൊഴിൽ




മേഖലകളിലും സർക്കാരിന്റെ കരുതൽ പട്ടിക വിഭാഗങ്ങൾ അനുഭവിച്ചറിയുന്നുണ്ട്.

വൈജ്ഞാനിക സമ്പദ്‌വ്യവസ്ഥ, പ്രാദേശിക സാമ്പത്തിക വികസനം പോലുള്ള വികസന കാഴ്ചപ്പാടുകൾ മുന്നോട്ടുവച്ചുകൊണ്ട് സംസ്ഥാനം നടപ്പിലാക്കുന്ന പ്രവർത്തനങ്ങളിൽ പട്ടികവിഭാഗക്കാരുടെ പ്രാതിനിധ്യം ഉറപ്പാക്കേണ്ടതുണ്ട്. ഇതിനായി സംസ്ഥാന സർക്കാരിന്റെ അഭിമാന പദ്ധതിയായ വിജ്ഞാനകേരളവുമായി ചേർന്ന് നിരവധി പ്രവർത്തനങ്ങൾ നടത്തിവരുന്നു. ഈ സാമ്പത്തികവർഷം 5000 യുവജനങ്ങൾക്ക് നൈപുണ്യ പരിശീലനം ഉറപ്പാക്കി, ജോബ് ഫെസ്റ്റ് സംഘടിപ്പിച്ച് സ്വദേശത്തും വിദേശത്തുമായി തൊഴിൽ ലഭ്യമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു.

പട്ടികവിഭാഗക്കാരുടെ ഭാവിക്കുവേണ്ടിയുള്ള വികസനചർച്ചകൾ മുന്നോട്ടു പോകുമ്പോൾ ഇന്ത്യയെമ്പാടും സാമൂഹ്യ-രാഷ്ട്രീയ അന്തരീക്ഷം മാറിവരുന്നുവെന്ന യാഥാർത്ഥ്യം കൂടി കണക്കിലെടുക്കേണ്ടതുണ്ട്. ജാതിവ്യവസ്ഥയും വർഗ്ഗീയതയും കൊടികുത്തിവാണ ഒരു ചരിത്രപശ്ചാത്തലത്തിൽ അതിന്റെ ഏറ്റവും വലിയ ഇരകളായിരുന്ന പട്ടികജാതി വിഭാഗങ്ങൾക്ക് കടുത്ത മനുഷ്യാവകാശ നിഷേധവും നീതിനിഷേധവും വികസനാവകാശ നിഷേധവുമാണ് അനുഭവിക്കേണ്ടിവന്നത്. അതിനെതിരെ ഐതിഹാസിക സമരം നയിച്ച നവോത്ഥാന നായകരും പുരോഗമന പ്രസ്ഥാനങ്ങളുമാണ് വ്യവസ്ഥാപിത ഭരണഘടനയുടെ കീഴിൽ പ്രവർത്തിക്കുന്ന ഇന്ത്യയെ സൃഷ്ടിച്ചതും ജാതിജന്യ അനാചാരങ്ങൾ തൂത്തെറിഞ്ഞ് പട്ടിക വിഭാഗങ്ങൾക്ക് ഉയർത്തെഴുന്നേൽപ്പിനുള്ള പിന്തുണ നൽകിയതും. അതിനാൽ ജാതിവാദവും വർഗീയവാദവും പിടിമുറുക്കുന്ന സമകാലിക ഇന്ത്യൻ സാഹചര്യത്തിൽ അവയുയർത്തുന്ന വെല്ലുവിളികളെക്കുറിച്ചുള്ള അറിവും അവ തരണം ചെയ്യുവാൻ പട്ടികവിഭാഗങ്ങളെ പ്രാപ്തരാക്കേണ്ടതിന്റെ ആവശ്യകതയും തദ്ദേശസ്വയംഭരണ തലങ്ങളിലെ വികസന ചർച്ചകളെ കൂടുതൽ ഉത്തരവാദിത്തപൂർണ്ണമാക്കുന്നു.

> **2047-ൽ ഇന്ത്യയെ ഒരു വികസിത രാജ്യമാക്കണമെന്ന ലക്ഷ്യം ചർച്ചചെയ്യപ്പെടുന്നുവെങ്കിലും ഇന്ത്യയിൽ അവികസിതാവസ്ഥയിൽ കഴിയുന്ന പട്ടികജാതി - പട്ടികവർഗക്കാരുടെ വികസനം എപ്രകാരമായിരിക്കണം എന്നതിനെക്കുറിച്ച് മൗനം പാലിക്കുകയാണ്.**

2047-ൽ ഇന്ത്യയെ ഒരു വികസിത രാജ്യമാക്കണമെന്ന ലക്ഷ്യം ചർച്ചചെയ്യപ്പെടുന്നുവെങ്കിലും ഇന്ത്യയിൽ അവികസിതാവസ്ഥയിൽ കഴിയുന്ന പട്ടികജാതി - പട്ടികവർഗക്കാരുടെ വികസനം എപ്രകാരമായിരിക്കണം എന്നതിനെക്കുറിച്ച് മൗനം പാലിക്കുകയാണ്. എന്നാൽ പട്ടികവിഭാഗക്കാർ അധിവസിക്കുന്ന കേരളത്തിലെ ഗ്രാമാന്തരങ്ങളിലെ അവസാന ഭവനത്തിൽ പോലും ഭരണത്തിന്റേയും വികസനത്തിന്റെയും നേട്ടങ്ങൾ എത്തിക്കുന്നതിനായി ഉദ്യോഗസ്ഥരുടേയും പ്രൊമോട്ടർമാരുടേയും ജനപ്രതിനിധികളുടേയും ആശാപ്രവർത്തകരുടേയും ഒരു വലിയ ശൃംഖല കേരളം സൃഷ്ടിച്ചത് അഭിമാനാർഹമാണ്. മാത്രമല്ല, കേരളം വിജ്ഞാന സമ്പദ്‌വ്യവസ്ഥയിലേയ്ക്ക് മാറുകയും ഇന്ത്യ ലോകത്തെ മൂന്നാമത്തെ ഏറ്റവും വലിയ സാമ്പത്തിക ശക്തിയായി മാറുവാൻ ശ്രമിക്കുകയും ചെയ്യുന്ന പശ്ചാത്തലത്തിലാണ് ഇനി കേരളത്തിലെ പട്ടികജാതി-വർഗക്കാരുടെ വികസനം രൂപകൽപ്പന ചെയ്യേണ്ടത്. മാത്രമല്ല, ആഗോളമായി സംഭവിക്കുന്ന സാങ്കേതിക വിദ്യയുടെ ജനാധിപത്യവൽക്കരണവും നിർമ്മിത ബുദ്ധിയുടെ സാധ്യതകളും പരിഗണിക്കേണ്ടതുണ്ട്.

പട്ടികവിഭാഗങ്ങളുടെ വികസനത്തിൽ പ്രത്യേക ശ്രദ്ധ പതിപ്പിക്കേണ്ട മേഖലകളിൽ ഭൂമി, ഭവനം, വിദ്യാഭ്യാസം, തൊഴിൽ, നൈപുണ്യം തുടങ്ങിയവ സുപ്രധാനമാണ്. വൈജ്ഞാനിക സമ്പദ്‌വ്യവസ്ഥയേയും പ്രാദേശിക സാമ്പത്തിക വികസനത്തേയും കൂട്ടിയിണക്കിക്കൊണ്ടുള്ള വികസനപദ്ധതികളാണ് വികേന്ദ്രീകൃതാസൂത്രണത്തിലൂടെ ഫലപ്രദമായി ചെയ്യുവാൻ കഴിയുക. ഗോത്രവിഭാഗക്കാരുടെ പരമ്പരാഗത അറിവുകൾ, ഭക്ഷണം, വൈദ്യം, കൃഷിരീതികൾ, പരിസ്ഥിതി സംരക്ഷണ രീതികൾ തുടങ്ങിയവ അന്താരാഷ്ട്ര തലത്തിൽ ആവശ്യക്കാരേറെയുള്ള മേഖലകളാണ്. പട്ടികജാതിക്കാരുടെ

**പട്ടിക വിഭാഗങ്ങളുടെ വികസനത്തിൽ പ്രത്യേക ശ്രദ്ധ പതിപ്പിക്കേണ്ട മേഖലകളിൽ ഭൂമി, ഭവനം, വിദ്യാഭ്യാസം, തൊഴിൽ, നൈപുണ്യം തുടങ്ങിയവ സുപ്രധാനമാണ്. വൈജ്ഞാനിക സമ്പദ്‌വ്യവസ്ഥയേയും പ്രാദേശിക സാമ്പത്തിക വികസനത്തേയും കൂട്ടിയിണക്കിക്കൊണ്ടുള്ള വികസനപദ്ധതികളാണ് വികേന്ദ്രീകൃതാസൂത്രണത്തിലൂടെ ഫലപ്രദമായി ചെയ്യുവാൻ കഴിയുക.**




തൊഴിൽപരവും സാംസ്ക്കാരികവുമായ അറിവുകളെ പരമാവധി പ്രയോജനപ്പെടുത്തി ഉൽപ്പാദന മേഖലയുടെ വളർച്ചയ്ക്കാവശ്യമായ പദ്ധതികൾ രൂപീകരിക്കുവാൻ കഴിയും. വിവരസാങ്കേതിക വിദ്യയുടെ സഹായത്തോടെ സംരംഭകത്വത്തെ പ്രോത്സാഹിപ്പിക്കുക വഴി ഓരോ നഗറും മിനി ഇൻഡസ്ട്രിയൽ ഹബ്ബാക്കി മാറ്റുവാൻ വികേന്ദ്രീകൃതാസൂത്രണ പ്രക്രിയയിലൂടെ കഴിയും.

വികേന്ദ്രീകൃതാസൂത്രണത്തിന്റെ ഗുണഫലങ്ങൾ പ്രധാനമായും ജനങ്ങളിലെത്തുന്നത് പദ്ധതികളിലൂടെയാണ്. തദ്ദേശ സ്വയംഭരണത്തിന്റെ ഫലപ്രാപ്തി അളക്കുന്നതിനുള്ള ശ്രദ്ധേയമായ മാനദണ്ഡവും ഈ പദ്ധതികളുടെ ഫലപ്രദമായ നിർവഹണമാണ്. പദ്ധതി രൂപീകരണം, നിരീക്ഷണം, നിർവഹണം തുടങ്ങിയ ഘട്ടങ്ങളിലുണ്ടായ പാകപ്പിഴകൾ ആത്മവിമർശനപരമായി വിലയിരുത്തി മുന്നോട്ടു പോകുന്നതിന് വികേന്ദ്രീകൃതാസൂത്രണത്തിന്റെ ഭാഗമായി കഴിഞ്ഞ കാൽ നൂറ്റാണ്ടിലേറെക്കാലമായുള്ള അനുഭവങ്ങൾ സഹായകരമാകും. പട്ടികജാതി - വർഗക്കാരുടെ സജീവവും ക്രിയാത്മകവുമായ പങ്കാളിത്തം ഗ്രാമ/വാർഡ്/ഊര് സഭകളിൽ കുറയുന്നതും പ്രാദേശിക തലത്തിൽ സാങ്കേതിക വൈദഗ്ധ്യമുള്ളവരുടെ അഭാവവും പദ്ധതി രൂപീകരണപ്രക്രിയ നേരിടുന്ന പ്രധാന വെല്ലുവിളികളാണ്. പദ്ധതി രൂപീകരണത്തിനാവശ്യമായ അവസ്ഥാ വിശകലത്തിനും വികസന വിടവു കണ്ടെത്തുന്നതിനും സഹായിക്കുന്ന സാമൂഹ്യ-സാമ്പത്തിക സ്ഥിതിവിവരക്കണക്കുകളുടെ അഭാവമാണ് മറ്റൊരു വെല്ലുവിളി. വിവിധ സർക്കാർ വകുപ്പുകളും ഏജൻസികളും തമ്മിലുള്ള ഏകോപനമില്ലായ്മ, രാഷ്ട്രീയവും സാമുദായികവും പ്രാദേശികവുമായ ഇടപെടലുകൾ, ദീർഘകാല ലക്ഷ്യങ്ങളുടെ അഭാവം തുടങ്ങിയവയും പദ്ധതി രൂപീകരണം നേരിടുന്ന വെല്ലുവിളികളാണ്. മാത്രമല്ല, മാറിയ കാലഘട്ടം ഉയർത്തുന്ന വെല്ലുവിളികൾ നേരിടുവാൻ പട്ടികവിഭാഗങ്ങളെ പ്രാപ്തരാക്കുന്നതിനായി കൂടുതൽ വരുമാന - തൊഴിൽദായക പദ്ധതികൾ ആവിഷ്ക്കരിക്കുവാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുൻഗണന നൽകണം.

പട്ടികജാതി- വർഗക്കാരുടെ വികസന പ്രശ്നങ്ങൾ പട്ടികജാതി-വർഗ വികസന വകുപ്പുകളുടെ മാത്രം ഉത്തരവാദിത്വമല്ല. എല്ലാ സർക്കാർ-സർക്കാരിതര ഏജൻസികളുടേയും കൂട്ടായ പ്രവർത്തനം അതിനാവശ്യമാണ്. വിവിധ സർക്കാർ-സർക്കാരിതര ഏജൻസികളെ ഫലപ്രദമായി അടിത്തട്ടിൽ കൂട്ടിയോജിപ്പിച്ച് വികസനത്തിന്റെ ഗുണഫലങ്ങൾ പട്ടികവിഭാഗങ്ങൾക്ക് നേരിട്ടും സത്വരമായും എത്തിക്കുവാൻ കഴിയുന്ന ഫലപ്രദമായ ഭരണസംവിധാനമാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ. വ്യത്യസ്ത ഏജൻസികളുമായി ചേർന്ന് സംയോജിത പദ്ധതികളും വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ചേർന്ന് സംയുക്തപദ്ധതികളും രൂപീകരിച്ചു നടപ്പിലാക്കുന്നത് വികസന പ്രക്രിയ കൂടുതൽ കാര്യക്ഷമമാക്കുവാൻ സഹായിക്കും. ഇതിലൂടെ കൂടുതൽ സാമ്പത്തിക സ്രോതസ്സ് സമാഹരിക്കുവാനും വിഷയ വിദഗ്ദ്ധരുടേയും സാങ്കേതിക പ്രവർത്തകരുടേയും സേവനം ഉറപ്പാക്കുവാനും ഗുണഭോക്താക്കളുടെ പങ്കാളിത്തം വർദ്ധിപ്പിക്കുവാനും ഏകോപനവും സഹകരണവും മെച്ചപ്പെടുത്തുവാനും സമഗ്രവികസനം ഉറപ്പാക്കുവാനും കഴിയും.

വയനാട്, ഇടുക്കി തുടങ്ങിയ ജില്ലകൾ പോലെ സർക്കാരിന്റെ പ്രത്യേക വികസന പാക്കേജുകൾ നിലവിലുള്ള മേഖലകളിൽ അത്തരം വികസന പാക്കേജുകൾ മുന്നോട്ടുവയ്ക്കുന്ന പദ്ധതികളുമായി

സംയോജിച്ചായിരിക്കണം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ പദ്ധതികൾ രൂപീകരിക്കേണ്ടത്. നിലവിലെ ഏതൊക്കെ പദ്ധതികളും സ്ഥാപനങ്ങളും നൽകുന്ന സാധ്യതകൾ സംയോജന പ്രക്രിയയിൽ ഉൾക്കൊള്ളിക്കാം എന്നുള്ള വിശാലമായ ചിന്ത തദ്ദേശസ്വയംഭരണ തലത്തിൽ അനിവാര്യമായും ഉണ്ടായിരിക്കേണ്ടതാണ്.

പങ്കാളിത്ത മാതൃകയിൽ പ്രാദേശിക സർക്കാരുകളുടെ നിരന്തര ഇടപെടലുകളും നിരീക്ഷണവും ഉറപ്പുവരുത്തിയാണ് പട്ടികജാതി-വർഗക്കാരുടെ പുതിയ കാല ഘട്ടത്തിലേയ്ക്കുള്ള വികസന വിഷയങ്ങൾ പദ്ധതി രൂപീകരണ പ്രക്രിയയിൽ ചർച്ച ചെയ്യേണ്ടതും വികസന മാതൃകകൾ തയ്യാറാക്കേണ്ടതും. വികസനത്തിന്റെ ഗുണഫലങ്ങൾ ഏറ്റവും അവസാനം ലഭിക്കുകയും പ്രതിസന്ധി ഘട്ടത്തിൽ ഏറ്റവും ആദ്യം പുറന്തള്ളപ്പെടുകയും ചെയ്യുന്നവരാണ് ലോകമെമ്പാടുമുള്ള പാർശ്വവൽക്കരിക്കപ്പെട്ട ജനത. ഈ പശ്ചാത്തലത്തിൽ മാറിവരുന്ന കാലത്തിനനുസൃതമായി പട്ടികവിഭാഗങ്ങളെ വികസന പന്ഥാവിലെത്തിക്കുന്നതിന് കൃത്യമായ ദിശാബോധം നൽകാനുള്ള ഉത്തരവാദിത്വം അടിസ്ഥാനവർഗ ജനതയുമായി ഏറ്റവുമധികം ചേർന്നു നിൽക്കുന്ന ഭരണസംവിധാനമെന്ന നിലയിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുണ്ട്. രണ്ടാംതലമുറ വികസന സാമൂഹ്യ - സാമ്പത്തിക

**വികസനത്തിന്റെ ഗുണഫലങ്ങൾ ഏറ്റവും അവസാനം ലഭിക്കുകയും പ്രതിസന്ധി ഘട്ടത്തിൽ ഏറ്റവും ആദ്യം പുറന്തള്ളപ്പെടുകയും ചെയ്യുന്നവരാണ് ലോകമെമ്പാടുമുള്ള പാർശ്വവൽക്കരിക്കപ്പെട്ട ജനത. ഈ പശ്ചാത്തലത്തിൽ മാറിവരുന്ന കാലത്തിനനുസൃതമായി പട്ടികവിഭാഗങ്ങളെ വികസന പന്ഥാവിലെത്തിക്കുന്നതിന് കൃത്യമായ ദിശാബോധം നൽകാനുള്ള ഉത്തരവാദിത്വം അടിസ്ഥാനവർഗ ജനതയുമായി ഏറ്റവുമധികം ചേർന്നു നിൽക്കുന്ന ഭരണസംവിധാനമെന്ന നിലയിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുണ്ട്.**

പ്രശ്നങ്ങളായ തൊഴിൽ, ഉപജീവനം, നൈപുണ്യ പരിശീലനം, സാമ്പത്തിക പുരോഗതി എന്നിവയോടൊപ്പം അടിസ്ഥാന സൗകര്യ വികസനത്തിനുമുള്ള സമഗ്രമായ ആസൂത്രണ-നിർവ്വഹണമികവാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്ന് പ്രതീക്ഷിക്കുന്നത്.



**ജെറോമിക് ജോർജ്ജ് ഐ.എ.എസ്.**
പ്രിൻസിപ്പൽ ഡയറക്ടർ

# നവകേരള മിഷനുകളും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും

കേരളം അഭിമുഖീകരിക്കുന്ന സാമൂഹികവും സാമ്പത്തികവും പാരിസ്ഥിതികവുമായ വെല്ലുവിളികൾക്ക് ശാശ്വത പരിഹാരമായി, സർവ്വതല സ്പർശിയായ വികസനത്തിലൂടെ ഒരു 'നവകേരളം' സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടെയാണ് 2016ൽ സംസ്ഥാന സർക്കാർ 'നവകേരളം കർമ്മപദ്ധതി'ക്ക് രൂപം നൽകിയത്. സംസ്ഥാനത്തിന്റെ അടിയന്തര പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾക്കൊപ്പം, ഭാവി തലമുറകളെ മുന്നിൽ കണ്ട് ദീർഘവീക്ഷണത്തോടെയുള്ള പരിപാടികൾക്കും ഇതിന്റെ ഭാഗമായി സംസ്ഥാന സർക്കാർ രൂപം നൽകി. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്രധാന പങ്കാളിത്തത്തോടെ നടപ്പിലാക്കുന്ന ലൈഫ് മിഷൻ, ഹരിതകേരളം മിഷൻ, ആർദ്രം മിഷൻ, പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം എന്നീ നാലു മിഷനുകൾ അടങ്ങുന്ന ഒന്നായാണ് നവകേരള ദൗത്യം ആരംഭിച്ചത്.

മാലിന്യ സംസ്കരണം, ജലസംരക്ഷണം, കാർഷിക വികസനം എന്നിവയിലൂടെ പരിസ്ഥിതി സൗഹൃദ, സുസ്ഥിര വികസനം ഉറപ്പാക്കുകയാണ് ഹരിത കേരളം മിഷന്റെ ലക്ഷ്യം. വീടും ഭൂമിയും ഇല്ലാത്തവർക്ക് സുരക്ഷിതമായ പാർപ്പിടം ഒരുക്കി ഭവനരഹിതരില്ലാത്ത കേരളം സൃഷ്ടിക്കാനാണ് ലൈഫ് മിഷൻ ലക്ഷ്യമിടുന്നത്. സർക്കാർ ആശുപത്രികളെ മെച്ചപ്പെടുത്തി ആധുനിക ചികിത്സാ സൗകര്യങ്ങൾ സാധാരണക്കാർക്ക് ലഭ്യമാക്കുന്നതിനും അവയുടെ പ്രവർത്തനം കൂടുതൽ ജനസൗഹാർദ്ദപരമാക്കുന്നതിനുമുള്ള കാഴ്ചപ്പാടും കർമ്മ പരിപാടിയും ആർദ്രം മിഷൻ മുന്നോട്ടു വച്ചു. പൊതുവിദ്യാലയങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തി അവയുടെ

നിലവാരം ഉയർത്തുന്നതിനും പൊതു വിദ്യാഭ്യാസത്തിന്റെ ഗുണമേന്മ വർദ്ധിപ്പിക്കുന്നതിനും പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞം ലക്ഷ്യമിട്ടു. ഈ മിഷൻ പിന്നീട് 'വിദ്യാകിരണം' എന്ന് പുനർനാമകരണം ചെയ്തു. ഈ മിഷനുകൾ വിജയിപ്പിക്കുന്നതോടൊപ്പം പ്രളയാനന്തര കേരളത്തിന്റെ പുനർനിർമ്മാണത്തിനും കോവിഡ് – കോവിഡനന്തര വെല്ലുവിളികൾ അതിജീവിക്കുന്നതിനും തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ പ്രാദേശിക തലത്തിൽ നേതൃത്വപരമായ പങ്കു വഹിച്ചു. നവകേരളം കർമ്മ പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ 'സദ്ഭരണം' (Good Governance) എന്ന ദൗത്യവും തുല്യ പ്രാധാന്യത്തോടെ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ ഏറ്റെടുത്തിട്ടുണ്ട്. സർക്കാർ പദ്ധതികൾ എന്നതിലുപരി, ജനപങ്കാളിത്തത്തോടെയുള്ള ഒരു സാമൂഹിക മുന്നേറ്റമാണ് സർക്കാർ ഈ മിഷനുകളിലൂടെ വിഭാവനം ചെയ്തത്.

## ലൈഫ് മിഷൻ

കേരളത്തിൽ ലക്ഷം വീട് പദ്ധതി ഉൾപ്പെടെ പല ഭവന പദ്ധതികൾ നടപ്പിലാക്കിയതിനു ശേഷവും അർഹരായ പലർക്കും വീടോ ഭൂമിയോ ലഭ്യമല്ലാത്ത സാഹചര്യത്തിലാണ് 'ലൈഫ്' (Livelihood Inclusion and Financial Empowerment) മിഷന് സർക്കാർ രൂപം നൽകിയത്. വീടിനൊപ്പം ഗുണഭോക്തൃ കുടുംബത്തിന് ഉപജീവന മാർഗ്ഗവും സാമൂഹിക സുരക്ഷയും ഉറപ്പാക്കുക എന്നതും മിഷന്റെ ഭാഗമാണ്. തദ്ദേശ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതിയിലെ ഒരു പ്രധാന വിഹിതം ഇതിനായി മാറ്റിവെയ്ക്കുന്നു.

സ്വന്തമായി ഭൂമിയുള്ള ഭവനരഹിതർ, ഭൂമിയില്ലാത്ത ഭവനരഹിതർ, മുൻകാല പദ്ധതികളിൽ വീട് ലഭിച്ചിട്ടും പണി പൂർത്തിയാക്കാൻ കഴിയാത്തവർ എന്നിങ്ങനെ വിവിധ വിഭാഗങ്ങൾക്ക് ഈ മിഷൻ സഹായമെത്തിക്കുന്നു. അർഹരായ ഗുണഭോക്താക്കളെ കണ്ടെത്തുന്നത് മുതൽ വീടുകൾ അനുവദിക്കുന്നതും വീടുകളുടെ നിർമ്മാണ പുരോഗതി വിലയിരുത്തുന്നതും തുക അനുവദിക്കുന്നതും വരെയുള്ള പ്രധാന ചുമതലകൾ നിർവ്വഹിക്കുന്നത് ഗ്രാമ, ബ്ലോക്ക് പഞ്ചായത്തുകളും നഗരസഭകളുമാണ്. സംസ്ഥാന സർക്കാരും തദ്ദേശ സ്ഥാപനങ്ങളും കേന്ദ്ര പദ്ധതികളും ചേരുന്നതാണ് ഈ പദ്ധതിയുടെ സാമ്പത്തിക സ്രോതസ്സ്. ഒരു വീടിന് നൽകുന്ന നാല് ലക്ഷം രൂപയിൽ ഒരു ഭാഗം തദ്ദേശ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതി വിഹിതത്തിൽ നിന്നാണ് കണ്ടെത്തുന്നത്. സങ്കേതങ്ങളിലെ പട്ടിക വർഗക്കാർക്ക് ആറു ലക്ഷം രൂപയാണ് വീട് നിർമ്മിക്കാൻ നൽകുന്നത്. സംസ്ഥാന സർക്കാരിന്റെ അധിക സഹായവും വായ്പാ വിഹിതവും ഇതിലേക്ക് സംയോജിപ്പിക്കുന്നു. കേന്ദ്ര സർക്കാർ പദ്ധതിയായ പി.എം.എ.വൈ (PMAY) ലിസ്റ്റിൽ ഉൾപ്പെട്ട ഗുണഭോക്താക്കൾക്ക് കേന്ദ്ര വിഹിതവും ലഭിക്കുന്നു.



ഹരിതകേരളം മിഷൻ

https://haritham.kerala.gov.in

> **ഏറ്റവും പുതിയ കണക്കുകൾ പ്രകാരം 6,00,547 വീടുകളാണ് ലൈഫ് പദ്ധതിയിൽ അനുവദിച്ചത്. ഇതിൽ 4,76,076 വീടുകൾ ഇതിനകം പണിതീർന്നു. ഇന്ത്യയിലെ സംസ്ഥാനാവിഷ്കൃത ക്ഷേമപദ്ധതികളുടെ ചരിത്രത്തിൽ ഇതിന് സമാനതകളില്ല.**

തുക ഗഡുക്കളായി നേരിട്ട് ഗുണഭോക്താവിന്റെ ബാങ്ക് അക്കൗണ്ടിലേക്കാണ് നൽകുന്നത്. ഭൂമിയില്ലാത്ത കുടുംബങ്ങൾക്കായി തദ്ദേശ സ്ഥാപനങ്ങളുടെ പദ്ധതിയിൽ ഉൾപ്പെടുത്തി സ്ഥലവും വാങ്ങി നൽകുന്നു. അതിന് കഴിയാത്ത സ്ഥലങ്ങളിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ കണ്ടെത്തുന്ന സ്ഥലത്ത്, സംസ്ഥാന സർക്കാർ ആധുനിക സൗകര്യങ്ങളുള്ള ഭവന സമുച്ചയങ്ങൾ നിർമ്മിച്ചു നൽകുന്നു. തൊഴിൽ പരിശീലനങ്ങൾ നൽകുക, കുടുംബശ്രീ വഴി വായ്പകൾ ലഭ്യമാക്കുക തുടങ്ങിയ പ്രവർത്തനങ്ങളിലൂടെ ഗുണഭോക്തൃ കുടുംബത്തെ സാമ്പത്തികമായി ശാക്തീകരിക്കാനും ഈ പദ്ധതി ലക്ഷ്യമിടുന്നു. ഇത്തരത്തിൽ, വീട് എന്ന സ്വപ്നം യാഥാർത്ഥ്യമാക്കുന്നതിനൊപ്പം ഗുണഭോക്താവിന് അന്തസ്സുള്ള ഒരു ജീവിതസാഹചര്യം കൂടി ലൈഫ് മിഷൻ ഉറപ്പാക്കുന്നു.

ഏറ്റവും പുതിയ കണക്കുകൾ പ്രകാരം 6,00,547 വീടുകളാണ് ലൈഫ് പദ്ധതിയിൽ അനുവദിച്ചത്. ഇതിൽ 4,76,076 വീടുകൾ ഇതിനകം പണിതീർന്നു. ഇന്ത്യയിലെ സംസ്ഥാനാവിഷ്കൃത ക്ഷേമപദ്ധതികളുടെ ചരിത്രത്തിൽ ഇതിന് സമാനതകളില്ല.

## ഹരിതകേരളം മിഷൻ

അനിയന്ത്രിതമായ പ്ലാസ്റ്റിക് മാലിന്യങ്ങളും ജലസ്രോതസ്സുകളുടെ മലിനീകരണവും വലിയ പ്രതിസന്ധിയായി മാറുന്ന സാഹചര്യം നേരിടുന്നതിനും ജനപങ്കാളിത്തത്തോടെ അതിന് പരിഹാരം കാണുന്നതിനുമുള്ള പ്രവർത്തനങ്ങൾ ഹരിതകേരളം മിഷന്റെ ഭാഗമാണ്. ഈ മിഷന്റെ ഭാഗമായാണ് തദ്ദേശ സ്ഥാപനങ്ങളിൽ 'ഹരിതകർമ്മ സേന' രൂപീകരിച്ചത്. മിഷന്റെ പ്രവർത്തനങ്ങൾ മാലിന്യ പരിപാലനം ഒരു ജനകീയ കാമ്പയിനായി മാറ്റി.

കാർഷിക സംസ്കാരം ഒരളവു വരെ തിരിച്ചു പിടിക്കാനും ജലസംരക്ഷണം ഉറപ്പാക്കാനുമുള്ള പ്രവർത്തനങ്ങളും ഈ മിഷൻ മുന്നോട്ടു വച്ചു. ഹരിതകേരളം മിഷൻ ജലസംരക്ഷണം, ശുചിത്വ - മാലിന്യ സംസ്കരണം, കാർഷിക വികസനം എന്നീ മൂന്ന് മേഖലകളെ സംയോജിപ്പിച്ചു. ഈ പദ്ധതികളുടെ നടത്തിപ്പിലും മേൽനോട്ടത്തിലും പ്രധാന പങ്കുവഹിക്കുന്നത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളാണ്. തദ്ദേശ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ രൂപീകരിച്ച ഹരിതകർമ്മ സേന വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും പ്ലാസ്റ്റിക് ഉൾപ്പെടെയുള്ള അജൈവ മാലിന്യങ്ങൾ ശേഖരിക്കുന്നു. പഞ്ചായത്തുകളിലും നഗരസഭകളിലും മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റികൾ (MCF) സ്ഥാപിച്ച് പാഴ്വസ്തുക്കൾ തരംതിരിച്ച് പുനചംക്രമണത്തിനായി കൈമാറുന്നു.

ജലസംരക്ഷണത്തിന്റെ കാര്യമെടുത്താൽ, നാശോന്മുഖമായ തോടുകളും കുളങ്ങളും മറ്റ് ജലസ്രോതസ്സുകളും വീണ്ടെടുക്കുന്ന പ്രവർത്തനങ്ങൾക്ക് തദ്ദേശ സ്ഥാപനങ്ങൾ നേതൃത്വം നൽകി. 'ഇനി ഞാൻ ഒഴുകട്ടെ' എന്ന ക്യാമ്പയിനിലൂടെ തോടുകൾ, നദികൾ എന്നിവ ജനപങ്കാളിത്തത്തോടെ ശുചീകരിച്ചു. കിണർ റീചാർജിംഗ്, മഴക്കുഴികൾ നിർമ്മിക്കൽ തുടങ്ങിയ ജലസംരക്ഷണ പ്രവർത്തന

ങ്ങൾ വിവിധ സർക്കാർ സ്കീമുകളുമായി സംയോജിപ്പിച്ചും വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയും പഞ്ചായത്തുകൾ നടപ്പിലാക്കുന്നു. ഇത് ഭൂഗർഭ ജലനിരപ്പ് ഉയർത്തുന്നതിനും വേനൽക്കാലത്തെ ജലക്ഷാമം പരിഹരിക്കുന്നതിനും വലിയ തോതിൽ സഹായിക്കുന്നുണ്ട്.

കാർഷിക മേഖലയിൽ, തരിശുരഹിത ഗ്രാമങ്ങൾ സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടെയാണ് മിഷൻ പ്രവർത്തിക്കുന്നത്. തൊഴിലുറപ്പ് പദ്ധതിയുമായി സംയോജിപ്പിച്ച് തരിശുകിടക്കുന്ന പാടങ്ങളിൽ കൃഷിയിറക്കാനും വീട്ടുവളപ്പിലെ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കാനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നടപടികൾ സ്വീകരിക്കുന്നു. വിഷരഹിതമായ ആഹാരം ഉറപ്പാക്കുന്നതിനൊപ്പം പ്രാദേശിക സാമ്പത്തിക വ്യവസ്ഥയെ ശക്തിപ്പെടുത്താനും ഇത്തരം ഇടപെടലുകൾ ഉപകരിക്കുന്നു. ചുരുക്കത്തിൽ, പ്രകൃതി വിഭവങ്ങളെ സംരക്ഷിച്ചും മാലിന്യങ്ങൾ ശാസ്ത്രീയമായി സംസ്കരിച്ചും ഒരു പരിസ്ഥിതി സൗഹൃദ കേരളം കെട്ടിപ്പടുക്കുന്നതിനുള്ള പ്രവർത്തനങ്ങൾക്ക്, ഹരിത കേരളം മിഷന്റെ ഭാഗമായി, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നേതൃത്വം നൽകി വരുന്നു.

മിഷന്റെ ആദ്യ ഘട്ടത്തിൽ ഏകദേശം 38,000 കിലോമീറ്റർ നീർച്ചാലുകൾ പുനരുജ്ജീവിപ്പിച്ചു. അടുത്ത ഘട്ടത്തിൽ, ചെറിയ തോടുകളും കൈവഴികളും മുതൽ വലിയ പുഴകൾ വരെ ഒരുമിച്ചെടുത്താൽ, ഇത് 47,000 കിലോമീറ്റർ കടക്കും! ഇത് രാജ്യത്തെ പാരിസ്ഥിതിക പുനസ്ഥാപനത്തിന്റെ ചരിത്രത്തിലെ വേറിട്ട ചിത്രമാണ്!

## ആർദ്രം മിഷൻ

ആരോഗ്യ രംഗത്ത് കേരളം മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് വലിയ നേട്ടങ്ങൾ കൈവരിച്ചിട്ടുണ്ട്. എന്നിരുന്നാലും, ജീവിതശൈലീ രോഗങ്ങളുടെ വർധനവു മൂലം സർക്കാർ ആശുപത്രികളിലെ തിരക്കുകൾ വർധിക്കുന്നതും അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തതയും വെല്ലുവിളിയായി തുടർന്ന സാഹചര്യത്തിലാണ് ആർദ്രം മിഷനിലൂടെ സംസ്ഥാന സർക്കാരും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും നടത്തിയ ഇടപെടലുകൾ കേരളത്തിന്റെ പൊതുജനാരോഗ്യ രംഗത്തിന് പുതിയ ഉണർവ് പകർന്നത്. സാധാരണക്കാർക്ക് സ്വകാര്യ ആശുപത്രികളെ ആശ്രയിക്കാതെ മികച്ച ചികിത്സ ലഭ്യമാക്കുന്നതിനായി പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തി. ഇതിനായി മറ്റ് സർക്കാർ സഹായങ്ങൾക്കൊപ്പം പഞ്ചായത്തുകളുടെ ഫണ്ടും മേൽനോട്ടവും ഫലപ്രദമായി ഉപയോഗിച്ചു.

**മിഷന്റെ ആദ്യ ഘട്ടത്തിൽ ഏകദേശം 38,000 കിലോമീറ്റർ നീർച്ചാലുകൾ പുനരുജ്ജീവിപ്പിച്ചു. അടുത്ത ഘട്ടത്തിൽ, ചെറിയ തോടുകളും കൈവഴികളും മുതൽ വലിയ പുഴകൾ വരെ ഒരുമിച്ചെടുത്താൽ, ഇത് 47,000 കിലോമീറ്റർ കടന്നു! ഇത് രാജ്യത്തെ പാരിസ്ഥിതിക പുനസ്ഥാപനത്തിന്റെ ചരിത്രത്തിലെ വേറിട്ട ചിത്രമാണ് !**



ആർദ്രം മിഷൻ ആരോഗ്യമേഖലയിൽ സാധാരണക്കാർക്ക് ലഭ്യമാകുന്ന സേവനങ്ങളുടെ ഗുണനിലവാരം ഉയർത്തി. സർക്കാർ ആശുപത്രികളെ കൂടുതൽ ജനസൗഹാർദ്ദപരമാക്കി. ആധുനിക ചികിത്സാ സൗകര്യങ്ങൾ സാധാരണക്കാർക്ക് കൂടുതൽ പ്രാപ്യമാക്കി. പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളായി (Family Health Centres) ഉയർത്തുന്നതിനുള്ള പ്രവർത്തനങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പൂർണ്ണമായ മേൽനോട്ടത്തിലാണ് നടക്കുന്നത്. ആശുപത്രികളുടെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും മറ്റ് സൗകര്യങ്ങൾ ഒരുക്കുന്നതിനും തദ്ദേശ സ്ഥാപനങ്ങൾ തങ്ങളുടെ ഫണ്ട് വിനിയോഗിക്കുന്നു. മിഷന്റെ ഭാഗമായി രാവിലെ മുതൽ വൈകുന്നേരം വരെ ഡോക്ടർമാരുടെ സേവനം ഉറപ്പാക്കാൻ കുടുംബാരോഗ്യ കേന്ദ്രങ്ങൾക്ക് സാധിച്ചിട്ടുണ്ട്. ജീവിതശൈലീ രോഗങ്ങളുടെ നിർണ്ണയവും ചികിത്സയും പ്രാദേശിക തലത്തിൽ കാര്യക്ഷമമായി നടപ്പിലാക്കാൻ പഞ്ചായത്തുകൾ, നഗരസഭകൾ എന്നിവയുടെ സഹായത്തോടെയുള്ള പ്രവർത്തനങ്ങൾ സഹായിക്കുന്നു. ആശാ വർക്കർമാരുടെയും പാലിയേറ്റീവ് കെയർ വോളന്റിയർമാരുടെയും സേവനം ഏകോപിപ്പിക്കുന്നതിൽ തദ്ദേശ സ്ഥാപനങ്ങൾ വലിയ പങ്കാണ് വഹിക്കുന്നത്. ഇത് കിടപ്പിലായ രോഗികൾക്കും വയോധികർക്കും അവരുടെ വീട്ടുപടിക്കൽ പ്രാഥമിക ആരോഗ്യ സേവനങ്ങൾ എത്തിക്കാൻ സഹായിക്കുന്നു. ദ്വിതീയ - ത്രിതീയ തലത്തിലുള്ള ജനറൽ ആശുപത്രികളിലും മെഡിക്കൽ കോളേജുകളിലും തിരക്ക് കുറയ്ക്കാനും കൂടുതൽ അത്യാധുനിക സൗകര്യങ്ങൾ ഒരുക്കാനും ഈ മിഷനിലൂടെ സാധിച്ചു. താലൂക്ക്, ജില്ലാ ആശുപത്രികളിൽ ഡയാലിസിസ് യൂണിറ്റുകൾ, കീമോതെറാപ്പി സൗകര്യങ്ങൾ തുടങ്ങിയവ വിപുലീകരിക്കുന്നതിന് അതത് നഗരസഭകളും ജില്ലാ പഞ്ചായത്തുകളും വലിയ തോതിൽ ഫണ്ട് നീക്കിവെക്കുന്നുണ്ട്. ചികിത്സാ കേന്ദ്രങ്ങൾ എന്നതിലുപരി, കുടുംബത്തിന്റെ മുഴുവൻ ആരോഗ്യ കാര്യ

**"ചികിത്സാ കേന്ദ്രങ്ങൾ എന്നതിലുപരി, കുടുംബത്തിന്റെ മുഴുവൻ ആരോഗ്യ കാര്യങ്ങളിലും കരുതൽ നൽകുന്ന കേന്ദ്രങ്ങളായി സർക്കാർ ആശുപത്രികളെ മാറ്റുകയാണ് ആർദ്രം മിഷൻ ചെയ്യുന്നത്."**



ങ്ങളിലും കരുതൽ നൽകുന്ന കേന്ദ്രങ്ങളായി സർക്കാർ ആശുപത്രികളെ മാറ്റുകയാണ് ആർദ്രം മിഷൻ ചെയ്യുന്നത്.

സംസ്ഥാനത്ത് ആകെയുണ്ടായിരുന്ന 886 പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിൽ 630-ൽ അധികവും, കൂടുതൽ മികച്ച സൗകര്യങ്ങളോടെ കുടുംബാരോഗ്യ കേന്ദ്രങ്ങളായി മാറിക്കഴിഞ്ഞു.

**തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ തങ്ങളുടെ വാർഷിക പദ്ധതിയിൽ വലിയൊരു തുക വിദ്യാഭ്യാസ മേഖലയ്ക്കായി മാറ്റിവെക്കുന്നു. ഹൈടെക് ക്ലാസ് മുറികൾ, അത്യാധുനിക ലാബുകൾ, ലൈബ്രറികൾ എന്നിവ സജ്ജീകരിക്കുന്നതിൽ പഞ്ചായത്തുകളും മുനിസിപ്പാലിറ്റികളും പ്രധാന പങ്കാണ് വഹിക്കുന്നത്.**

## വിദ്യാകിരണം (പൊതുവിദ്യാഭ്യാസ സംരക്ഷണം)

സർക്കാർ സ്കൂളുകളിലെ ഭൗതിക സൗകര്യങ്ങളുടെ കുറവു മൂലം കുട്ടികൾ സ്വകാര്യ വിദ്യാലയങ്ങളിലേക്ക് മാറുന്ന സാഹചര്യം ഇല്ലാതാക്കിയത് പൊതുവിദ്യാഭ്യാസ സംരക്ഷണ ദൗത്യമാണ്. പൊതുവിദ്യാലയങ്ങളിൽ ആധുനിക സൗകര്യങ്ങൾ ഒരുക്കാനും വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്താനും, വിദ്യാലയങ്ങൾ മികവിന്റെ കേന്ദ്രങ്ങളാക്കാനും ഈ മിഷന് കഴിഞ്ഞു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി വിഹിതവും എം.എൽ.എ/എം.പി ഫണ്ടും മറ്റ് വിവിധങ്ങളായ ധനസ്രോതസുകളും സംയോജിപ്പിച്ചാണ് ഇത് സാധ്യമാക്കിയത്.

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ തുടർച്ചയായി കേരളത്തിലെ സ്കൂളുകളെ ലോകനിലവാരത്തിലേക്ക് ഉയർത്തുക എന്ന ലക്ഷ്യത്തോടെയാണ് 'വിദ്യാകിരണം' മിഷൻ വിഭാവനം ചെയ്തിരിക്കുന്നത്. വിദ്യാലയങ്ങളിലെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതും, ഒപ്പം, ഡിജിറ്റൽ പഠന സൗകര്യങ്ങൾ ഓരോ കുട്ടിക്കും ലഭ്യമാക്കുന്നതും ദൗത്യത്തിന്റെ ഭാഗമാണ്.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ തങ്ങളുടെ വാർഷിക പദ്ധതിയിൽ വലിയൊരു തുക വിദ്യാഭ്യാസ മേഖലയ്ക്കായി മാറ്റിവെക്കുന്നു. ഹൈടെക് ക്ലാസ് മുറികൾ, അത്യാധുനിക ലാബുകൾ, ലൈബ്രറികൾ എന്നിവ സജ്ജീകരിക്കുന്നതിൽ പഞ്ചായത്തുകളും മുനിസിപ്പാലിറ്റികളും പ്രധാന പങ്കാണ് വഹിക്കുന്നത്.

സ്കൂൾ കെട്ടിടങ്ങളുടെ നവീകരണമാണ് ഈ പദ്ധതിയുടെ ശ്രദ്ധേയമായ ഒരു വശം. കിഫ്ബി (KIIFB) ഫണ്ട് ഉപയോഗിച്ച് വലിയ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനൊപ്പം തദ്ദേശ സ്ഥാപനങ്ങളുടെ ഫണ്ട് ഉപയോഗിച്ച് വിദ്യാലയങ്ങളിൽ ശുചിമുറികൾ, കുടിവെള്ള സൗകര്യം, ചുറ്റുമതിൽ, കളിസ്ഥലങ്ങൾ എന്നിവയും ഒരുക്കുന്നു. ഡിജിറ്റൽ വിഭജനം ഇല്ലാതാക്കുന്നതിനായി, സാമ്പത്തിക - സാമൂഹിക പിന്നോക്കാവസ്ഥ അനുഭവിക്കുന്ന വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പുകളും ടാബ്‌ലെറ്റുകളും വിതരണം ചെയ്യുന്നതിനും തദ്ദേശ സ്ഥാപനങ്ങൾ പദ്ധതികൾ ഏറ്റെടുക്കുന്നു. അക്കാദമിക് നിലവാരം മെച്ചപ്പെടുത്തുന്നതിനായി തദ്ദേശ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ പ്രത്യേക പഠന പദ്ധതികളും നടപ്പിലാക്കുന്നുണ്ട്. പഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്കായി 'ശ്രദ്ധ' പോലുള്ള പദ്ധതികൾ വഴി പ്രത്യേക ക്ലാസുകൾ നൽകുന്നതിനും പ്രതിഭയുള്ള കുട്ടികളെ പ്രോത്സാഹിപ്പിക്കുന്നതിനും പ്രാദേശിക തലത്തിൽ ഫണ്ട് വിനിയോഗിക്കുന്നു. ചുരുക്കത്തിൽ, സർക്കാർ സ്കൂളുകൾ സ്വകാര്യ സ്കൂളുകളേക്കാൾ മികച്ച സൗകര്യങ്ങളും വിദ്യാഭ്യാസ നിലവാരവും പുലർത്തുന്ന അവസ്ഥയിലേക്ക് മാറിയത് വിദ്യാകിരണം മിഷനിലൂടെ സംസ്ഥാന സർക്കാരും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും നടത്തിയ ചിട്ടയായ പ്രവർത്തനങ്ങളുടെ ഫലമായാണ്.

നവകേരളം കർമ്മപദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ വിഭാവനം ചെയ്ത നോളജ് ഇക്കോണമി മിഷന്റെ (Knowledge Economy Mission) പ്രവർത്തനത്തിലും തദ്ദേശ സ്വയം ഭരണ സ്ഥാപങ്ങൾ അവയുടെ പങ്ക് വഹിക്കുന്നുണ്ട്. അഭ്യസ്തവിദ്യരായ തൊഴിൽ രഹിതർക്ക് വിജ്ഞാനാധിഷ്ഠിത തൊഴിൽ ഉറപ്പാക്കാൻ ലക്ഷ്യമിടുന്ന ഈ പദ്ധതിയുടെ താഴെത്തട്ടിലുള്ള നടത്തിപ്പും അതിന്റെ വിജയവും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വപരമായ ഇടപെടലുകളെ ആശ്രയിച്ചിരിക്കുന്നു. കുടുംബശ്രീ വഴി സർവ്വേ നടത്തി തൊഴിലന്വേഷകരെ കണ്ടെത്തുക, പഞ്ചായത്ത് തലത്തിൽ തൊഴിൽ സഭകൾ സംഘടിപ്പിക്കുക, പ്രാദേശികമായി 'കണക്ട് കരിയർ സെന്ററുകൾ' സ്ഥാപിക്കുക എന്നിവ ഇതിന്റെ ഭാഗമാണ്. ഡിജിറ്റൽ വർക്ക്ഫോഴ്സ് മാനേജ്മെന്റ് സിസ്റ്റം (DWMS) വഴി ഉദ്യോഗാർത്ഥികൾക്ക് നൈപുണ്യ പരിശീലനം നൽകുന്നതിലും തൊഴിൽ സാധ്യതകളുമായി അവരെ ബന്ധിപ്പിക്കുന്നതിലും തദ്ദേശ സ്ഥാപനങ്ങൾ സുപ്രധാന പങ്ക് വഹിക്കുന്നു.

**ടിമ്പിൾ മാഗി**
കൺട്രോളർ ഓഫ് അഡ്മിനിസ്ട്രേഷൻ, ഐ.കെ.എം.

# തദ്ദേശ സ്വയംഭരണവും ഡിജിറ്റൽ ദൗത്യവും

പ്രാദേശിക സർക്കാരുകളുടെ പ്രവർത്തനത്തിലും അവ വഴിയുള്ള സേവന പ്രദാനത്തിലും വികസന ഇടപെടലുകളിലും കേരളം ലോകത്തിന് മാതൃകയാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വിഭവങ്ങൾ, ചുമതലകൾ, അധികാരങ്ങൾ എന്നിവയും ഉദ്യോഗസ്ഥരെയും കൈമാറിയാണ് കേരളം ഇത് നേടിയത്.

പ്രാദേശികവും വികേന്ദ്രീകൃതവുമായ ആസൂത്രണത്തിന് വഴിതെളിച്ച ജനകീയാസൂത്രണം താഴെത്തട്ടിൽ പദ്ധതികളുടെ രൂപീകരണവും നടപ്പിലാക്കലും സാധ്യമാക്കി. കഴിഞ്ഞ 30 വർഷക്കാലത്തെ വികേന്ദ്രീകൃത ആസൂത്രണത്തിന്റെ അനുഭവങ്ങളിലൂടെ ശാക്തീകരിക്കപ്പെട്ട കാര്യക്ഷമമായ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളാണ് ഇന്ന് സംസ്ഥാനത്തുള്ളത്. അവയുടെ സേവന പ്രദാനവും പദ്ധതി രൂപീകരണം, നടത്തിപ്പ് എന്നിവയും സുസ്ഥാപിതമാക്കുന്നതിനും വിവരങ്ങൾ പുനരുപയോഗം ചെയ്യുന്നതിനും ഓൺലൈൻ - ഡിജിറ്റൽ സംവിധാനങ്ങൾ ആവിഷ്കരിക്കുന്നതിനും വേണ്ടിയാണ് 1999-ൽ ഇൻഫർമേഷൻ കേരള മിഷൻ രൂപീകരിച്ചത്. സേവനങ്ങൾ ജനങ്ങളുടെ വിരൽത്തുമ്പിലെത്തിക്കാൻ കഴിഞ്ഞ 25 വർഷത്തെ പരിശ്രമത്തിലൂടെ ഐ.കെ.എമ്മിന് സാധിച്ചു.

ജനകീയാസൂത്രണം നടപ്പിലായതോടെ വിവരസാങ്കേതിക വിദ്യകൾ ഉപയോഗിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കൂടുതൽ കാര്യക്ഷമമായി പ്രവർത്തിക്കേണ്ടതിന്റെ ആവശ്യകത വർദ്ധിച്ചു. കോട്ടയം ജില്ലയിലെ കുമരകം പഞ്ചായത്ത് തിരഞ്ഞെടുത്ത് സി-ഡിറ്റിന്റെ ഒരു ടീം സ്ലൈഡ് (State Level Implementation of Decentralised Planning SLIDE) എന്ന പേരിൽ നടത്തിയ പഠനം പദ്ധതി നിർവ്വഹണം മോണിറ്റർ ചെയ്യേണ്ടതിന്റെയും ജനന-മരണ രജിസ്ട്രേഷനുകൾക്കായി ഒരു സോഫ്റ്റ്‌വെയർ ഉണ്ടാക്കേണ്ടതിന്റെയും





ആവശ്യകത വ്യക്തമാക്കി. ശക്തമായ ഒരു ജി.ഐ.എസ് സംവിധാനത്തെ കുറിച്ചുള്ള നിർദ്ദേശങ്ങൾ അടങ്ങുന്ന ഏഴ് വാല്യങ്ങളുള്ള സ്ലൈഡ് പഠനം ഐ.കെ.എമ്മിന്റെ തുടർ പദ്ധതികൾക്ക് ഗുണകരമായി. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ പദ്ധതികൾ നിരീക്ഷിക്കുന്നതിനും സുഗമമായ നടത്തിപ്പിനുമായി ഒരു കമ്പ്യൂട്ടർ ശൃംഖല ഒരുക്കുന്നതിനായി സ്റ്റേറ്റ് പ്ലാനിംഗ് ബോർഡിൽ നിന്നുള്ള ശുപാർശയെ തുടർന്ന് കിൻലിബ് (KINLIB) എന്ന പ്രോജക്റ്റ് നടപ്പാക്കുവാൻ സർക്കാർ തീരുമാനിച്ചു. ഇതിനെ തുടർന്നാണ് പ്ലാനിംഗ് ബോർഡിന് കീഴിൽ ഇൻഫർമേഷൻ കേരള മിഷൻ എന്ന സ്ഥാപനം രൂപീകൃതമായത്.

പദ്ധതി രൂപീകരണം, നിർവ്വഹണം എന്നീ പ്രവർത്തനങ്ങൾ നടത്തുന്നതിനായുള്ള 'സുലേഖ', ജനന-മരണ-വിവാഹ രജിസ്ട്രേഷനുകളുമായി ബന്ധപ്പെട്ട 'സേവന', ഫയൽ കൈകാര്യം ചെയ്യുന്നതിനായി 'സൂചിക', സാമ്പത്തിക ഇടപാടുകൾ കൈകാര്യം ചെയ്യുന്നതിനായി 'സാംഖ്യ', വിവിധ സാമൂഹ്യ സുരക്ഷാ പെൻഷനുകളുടെ ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്നതിനും പെൻഷൻ വിതരണം സുഗമമാക്കുന്നതിനുമായി രൂപപ്പെടുത്തിയ 'സേവന പെൻഷൻ', വസ്തു നികുതിയുമായി ബന്ധപ്പെട്ട 'സഞ്ചയ', കെട്ടിട നിർമ്മാണ അനുമതികൾ കൈകാര്യം ചെയ്യുന്ന 'സങ്കേതം', യോഗങ്ങളുടെ നടത്തിപ്പിനായി 'സകർമ്മ' തുടങ്ങിയ ഏകരൂപ സോഫ്റ്റ്‌വെയറുകളാണ് ആദ്യഘട്ടത്തിൽ ഇൻഫർമേഷൻ കേരള മിഷൻ (ഐ.കെ.എം) വികസിപ്പിച്ചത്. വിവിധങ്ങളായ ഈ ആപ്ലിക്കേഷനുകളെ സംയോജിപ്പിച്ച് ഒരു ഇ.ആർ.പി (ERP) മോഡൽ സോഫ്റ്റ്‌വെയർ തദ്ദേശസ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന് അനിവാര്യമായിരുന്നു.

ഇതിന്റെ തുടക്കം എന്ന നിലയിൽ കേരളത്തിലെ 941 ഗ്രാമപഞ്ചായത്തുകളിലും ILGMS എന്ന ഇ.ആർ.പി മോഡൽ വിന്യസിച്ചു. ഫയൽ, ജനന-മരണ-വിവാഹ രജിസ്ട്രേഷൻ, ഫിനാൻസ് എന്നീ മോഡ്യൂളുകളാണ് ILGMS-ൽ ഉണ്ടായിരുന്നത്. നഗര ഭരണ സ്ഥാപനങ്ങളിലും, ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകളിലും സോഫ്റ്റ്‌വെയർ വികസിപ്പിക്കുന്നതിനുള്ള പരിശ്രമങ്ങളാണ് കെ-സ്മാർട്ട് എന്ന ആശയത്തിലേക്ക് നയിച്ചത്. 2024 ജനുവരി ഒന്നിന് കെ-സ്മാർട്ടിന്റെ ആദ്യരൂപം കേരളത്തിലെ 87 മുനിസിപ്പാലിറ്റികളിലും 6 കോർപ്പറേഷനുകളിലും വിന്യസിച്ചു. തുടർന്ന് 2025 ഏപ്രിൽ 10-ന് കെ-സ്മാർട്ട് 941 ഗ്രാമപഞ്ചായത്തുകൾ,

**"2024 ജനുവരി ഒന്നിന് കെ-സ്മാർട്ടിന്റെ ആദ്യരൂപം കേരളത്തിലെ 87 മുനിസിപ്പാലിറ്റികളിലും 6 കോർപ്പറേഷനുകളിലും വിന്യസിച്ചു. തുടർന്ന് 2025 ഏപ്രിൽ 10-ന് കെ-സ്മാർട്ട് 941 ഗ്രാമപഞ്ചായത്തുകൾ, 152 ബ്ലോക്ക് പഞ്ചായത്തുകൾ, 14 ജില്ലാ പഞ്ചായത്തുകൾ എന്നിവിടങ്ങളിലേക്കും വ്യാപിപ്പിച്ചു."**

152 ബ്ലോക്ക് പഞ്ചായത്തുകൾ, 14 ജില്ലാ പഞ്ചായത്തുകൾ എന്നിവിടങ്ങളിലേക്കും വ്യാപിപ്പിച്ചു. യൂസർ മാനേജ്മെന്റ് കൈകാര്യം ചെയ്യുന്ന എച്ച്.ആർ.എം.എസ്, ഫയൽ പ്രവർത്തനങ്ങൾക്കായി ഡിജിറ്റൽ ഫയൽ മാനേജ്മെന്റ് സിസ്റ്റം, ജനന-മരണ-വിവാഹ രജിസ്ട്രേഷനുകൾക്കായി സിവിൽ രജിസ്ട്രേഷൻ, വസ്തു നികുതി, ലൈസൻസ്, പരാതി പരിഹാരം, കെട്ടിട നിർമ്മാണ പെർമിറ്റ്, ഫിനാൻസ് എന്നീ മോഡ്യൂളുകളാണ് ആദ്യഘട്ടത്തിൽ വിന്യസിച്ചത്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വിപുലവും വൈവിധ്യമാർന്നതുമായ പ്രവർത്തനങ്ങൾ. കാര്യക്ഷമമാക്കുന്നതിന് ആവശ്യമായ എല്ലാ മോഡ്യൂളുകളും രൂപീകരിക്കുന്ന സോഫ്റ്റ്വെയർ വികസനം ഒരു നിരന്തര പ്രവർത്തനമായി ഇൻഫർമേഷൻ കേരള മിഷൻ തുടർന്ന് വരികയാണ്.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ വിവിധ യോഗങ്ങളുമായി ബന്ധപ്പെട്ട മീറ്റിംഗ് മാനേജ്മെന്റ് മോഡ്യൂൾ 2025 ഡിസംബറോടെ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും വിന്യസിച്ചു. മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട ഹരിത മിത്രം 2.0 എന്ന ആപ്ലിക്കേഷൻ 941 ഗ്രാമപഞ്ചായത്തുകളിലും 93 നഗരഭരണ സ്ഥാപനങ്ങളിലും വിന്യസിച്ചിട്ടുണ്ട്.

തൊഴിൽ നികുതി, വാടക, ഹാൾ ബുക്കിംഗ്, അസ്സറ്റ് മാനേജ്മെന്റ്, പദ്ധതി രൂപീകരണം, പെൻഷനുകൾ തുടങ്ങിയ മോഡ്യൂളുകൾ നിലവിൽ വികസിപ്പിച്ചു വരുന്നു. 2027 മാർച്ച് മാസത്തോടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ആവശ്യമായ എല്ലാ മോഡ്യൂളുകളും വിന്യസിക്കുക എന്നതാണ് കെ-സ്മാർട്ടിന്റെ മുന്നോട്ടുള്ള ലക്ഷ്യമായി വിഭാവനം ചെയ്തിട്ടുള്ളത്.

## പ്രധാന സവിശേഷതകൾ

● പൗരന്മാർക്ക് പ്രൊഫൈൽ ● സിവിൽ രജിസ്ട്രേഷനുകൾക്കായുള്ള ഓട്ടോമേറ്റഡ് വർക്ക് ഫ്ളോ ● ബിൽഡിംഗ് പെർമിറ്റുകൾക്കായി GIS അധിഷ്ഠിത പ്ലാറ്റ്ഫോം ● ലൈസൻസ് മാനേജ്മെന്റ് ● ബിൽഡിംഗ് പെർമിറ്റുകൾക്കായുള്ള eDCR എൻജിൻ ● ആധാർ ഇന്റഗ്രേഷൻ ● വിവാഹ രജിസ്ട്രേഷനായി വീഡിയോ eKYC ● My Buildings മാനേജ്മെന്റ് ● നികുതി മാനേജ്മെന്റ് (നികുതി അസെസ്മെന്റ് - പേയ്മെന്റുകൾ, അപ്പീൽ തുടങ്ങിയവ) ● ഗ്രൂപ്പ് പേ - പ്രോപ്പർട്ടി ടാക്സ് ● ബജറ്റ് തയ്യാറാക്കൽ ● സംയോജിത വർക്ക് ഫ്ളോ ● ചുമതല കൈമാറ്റം (ഡ്യൂട്ടി ഡെലിഗേഷൻ) ● സർവ്വീസ് & തസ്തിക മാപ്പിംഗ് ● ക്വിക് പേയ്മെന്റ്



● ക്വിക് സർട്ടിഫിക്കറ്റുകൾ ● വാട്സ്ആപ്പ് ഇന്റഗ്രേഷൻ ● 'Know Your Land" സവിശേഷത ● 'Issued Permit Map" കെ-മാപ്പ് ● Self-certified ബിൽഡിംഗ് പെർമിറ്റ് ● SMS ഇന്റഗ്രേഷൻ ● മാസ് പെറ്റിഷൻ ● ePoS മെഷീൻ ഉപയോഗിച്ചുള്ള നികുതി പിരിവ്.

## ലോഗിൻ

സിറ്റിസൺ ലോഗിൻ, ഇൻസ്റ്റിറ്റ്യൂഷൻ ലോഗിൻ, ഒഫീഷ്യൽ ലോഗിൻ എന്നിങ്ങനെ മൂന്നുതരം ലോഗിനുകൾ കെ-സ്മാർട്ടിലുണ്ട്. ജനങ്ങൾക്ക് അപേക്ഷകൾ ഓൺലൈനായി നൽകാൻ സിറ്റിസൺ ലോഗിൻ വഴി സാധിക്കും. ഓരോ സേവന ആവശ്യവും ലളിതമായും എളുപ്പത്തിലും നൽകുന്നതിന് പര്യാപ്തമായ വിധത്തിലാണ് സിറ്റിസൺ ലോഗിൻ ക്രമീകരിച്ചിട്ടുള്ളത്. ലോഗിൻ തയ്യാറാക്കുന്നതിന് ആധാർ ഇ-കെ.വൈ.സി ഉപയോഗിച്ചോ മറ്റ് രേഖകളായ പാൻ കാർഡ്, പാസ്പോർട്ട്, ഇലക്ഷൻ ഐഡി കാർഡ് എന്നിവ ഉപയോഗിച്ചോ സാധിക്കുന്നതാണ്. മൊബൈൽ നമ്പർ, ഇ-മെയിൽ ഐ.ഡി. എന്നിവ യൂസർ ഐഡിയായി ഉപയോഗിക്കാം. അതിലേക്ക് വരുന്ന ഒ.ടി.പി യാണ് പാസ്‌വേർഡ്. ഒ.ടി.പി അധിഷ്ഠിത പാസ്‌വേർഡ് ലോഗിൻ സുരക്ഷിതമാക്കുകയും ദുരുപയോഗം ഒഴിവാക്കുകയും ചെയ്യുന്നു. വിദേശത്ത് താമസിക്കുന്നവർക്ക് ഇ-മെയിൽ ഒ.ടി.പി വഴി കെ-സ്മാർട്ട് ഉപയോഗിക്കാം.

https://ksmart.lsgkerala.gov.in/ui/web-portal/ ഉപയോഗിച്ച് കെ സ്മാർട്ട് സോഫ്റ്റ്‌വെയറിൽ പ്രവേശിക്കാം. മൊബൈൽ ഫോൺ ഉപയോഗിച്ച് സേവനങ്ങൾ ലഭ്യമാക്കുന്നതിനായി കെ-സ്മാർട്ട് മൊബൈൽ ആപ്പും വികസിപ്പിച്ചിട്ടുണ്ട്. ഇത് ഗൂഗിൾ പ്ലേസ്റ്റോറിലും ആപ്പിൾ സ്റ്റോറിലും ലഭ്യമാണ്. കെ-സ്മാർട്ടിൽ ലോഗിൻ ചെയ്യാതെ തന്നെ നിരവധി സേവനങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്. ജനന-മരണ-വിവാഹ സർട്ടിഫിക്കറ്റുകൾ ലോഗിൻ ചെയ്യാതെ തന്നെ ഡൗൺലോഡ് ചെയ്യാൻ കഴിയുന്നു. വസ്തു നികുതി ഓൺലൈനായി അടവാക്കാം. നികുതികൾ അടവാക്കിയ രസീതുകൾ പ്രിന്റ് ചെയ്യുന്നതിനും സാധിക്കും. നിർമ്മിക്കുന്ന കെട്ടിടത്തിന് എത്ര നികുതി വരുമെന്ന് സ്വയം കണ്ടെത്തുന്നതിന് 'എസ്റ്റിമേറ്റ് ടാക്സ്' എന്ന സൗകര്യം പ്രയോജനപ്പെടുത്താം. തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ നൽകിയ സേവന ആവശ്യത്തിന്റെ നിലവിലെ സ്ഥിതി എന്താണെന്നും പ്രസ്തുത ഫയൽ ഏത് ഉദ്യോഗസ്ഥന്റെ ലോഗിനിൽ ആണെന്നും അറിയാനും കെ-സ്മാർട്ടിൽ എളുപ്പത്തിൽ സാധിക്കുന്നു. ലഭ്യമായ സർട്ടിഫിക്കറ്റുകളുടെ ആധികാരികത ലോകത്തിൽ എവിടെ നിന്നും പരിശോധിക്കുന്നതിന് 'വെരിഫിക്കേഷൻ' എന്ന സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. സിറ്റിസൺ ലോഗിനിൽ പ്രവേശിച്ചാൽ വിവിധ സേവന ആവശ്യങ്ങൾ എളുപ്പത്തിൽ നേടാൻ കഴിയും. സ്ഥാപനങ്ങൾക്ക് ഇൻസ്റ്റിറ്റ്യൂഷൻ ലോഗിൻ വഴി സേവനങ്ങൾ നേടാം. ജനപ്രതിനിധികളും ഉദ്യോഗസ്ഥരും ഒഫീഷ്യൽ ലോഗിൻ ആണ് ഉപയോഗിക്കുന്നത്. സിറ്റിസൺ ലോഗിൻ വഴി അപേക്ഷിക്കുന്ന മാത്രയിൽ തന്നെ ഈ സേവന ആവശ്യങ്ങൾ ചുമതലയുള്ള ഉദ്യോഗസ്ഥന്റെ ലോഗിനിൽ ലഭ്യമാകുന്നു. വിവരാവകാശ നിയമപ്രകാരമുള്ള അപേക്ഷകൾ തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ നേരിട്ടും നൽകാം. മറ്റെല്ലാം ഓൺലൈനായി ആണ് നൽകേണ്ടത്.

> **സിറ്റിസൺ ലോഗിൻ, ഇൻസ്റ്റിറ്റ്യൂഷൻ ലോഗിൻ, ഒഫീഷ്യൽ ലോഗിൻ എന്നിങ്ങനെ മൂന്നുതരം ലോഗിനുകൾ കെ–സ്മാർട്ടിലുണ്ട്. ജനങ്ങൾക്ക് അപേക്ഷകൾ ഓൺലൈനായി നൽകാൻ സിറ്റിസൺ ലോഗിൻ വഴി സാധിക്കും.**

ഇത്തരത്തിൽ സേവനങ്ങൾ എല്ലാം ഓൺലൈനായി ലഭ്യമാകുമ്പോൾ ഓൺലൈൻ അപേക്ഷകൾ നൽകാൻ കഴിയാത്തവർക്കായി എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും സിറ്റിസൺ ഫെസിലിറ്റേഷൻ സെന്റർ സ്ഥാപിക്കണമെന്നും അതുവഴി ജനങ്ങൾക്ക് ലോഗിൻ തയ്യാറാക്കി നൽകി അപേക്ഷകൾ സ്വീകരിക്കുന്നതിനും സർട്ടിഫിക്കറ്റുകൾ ഡൗൺലോഡ് ചെയ്യുന്നതിനും സൗകര്യം ചെയ്തു നൽകണമെന്നും സർക്കാർ ഉത്തരവ് G.O (M.S) 66/2025 dated 10-04-2025-ൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. കൂടാതെ പൊതു സേവന കേന്ദ്രങ്ങളായ അക്ഷയ കേന്ദ്രങ്ങൾ വഴി ജനങ്ങളിൽ നിന്നും വിവിധ സേവനാവശ്യങ്ങൾ കൈകാര്യം ചെയ്യുന്നതിനുള്ള ഫീസും നിശ്ചയിച്ചിട്ടുണ്ട്. പൂർണ്ണമായും സേവനങ്ങൾ ഓൺലൈനായി മാറിയതോടെ ജനങ്ങൾക്ക് സുതാര്യമായും നീതിയുക്തമായും വേഗത്തിലും സേവനങ്ങൾ ലഭ്യമാകുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നേരിട്ട് പോകാതെ ഏത് സമയത്തും ജനങ്ങൾക്ക് സേവനങ്ങൾ ലഭിക്കുന്നതിനും ഓൺലൈൻ പണമിടപാടുകളുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും ഇത് സഹായകരമായിട്ടുണ്ട്.

## സിവിൽ രജിസ്ട്രേഷൻ

ജനന-മരണ-വിവാഹ രജിസ്ട്രേഷൻ, രജിസ്റ്ററിൽ പേര് ചേർക്കൽ, രജിസ്ട്രേഷനുകളിലെ തിരുത്തലുകൾ എന്നിവ പൂർണ്ണമായും ഇന്ന് കെ-സ്മാർട്ടിൽ ലഭ്യമാണ്. ഓരോ സേവനത്തിനും അപേക്ഷ നൽകുമ്പോൾ തന്നെ ആവശ്യമായ രേഖകൾ ഉണ്ട് എന്ന് ഉറപ്പാക്കുന്നു. 'സർട്ടിഫിക്കറ്റ് പ്രിവ്യൂ' എന്ന സൗകര്യം ഉപയോഗിച്ച് സർട്ടിഫിക്കറ്റ് എങ്ങനെ ആയിരിക്കും എന്ന് നേരത്തെ അറിയാൻ കഴിയുന്നത് അപേക്ഷകളിലെ അപാകതകൾ ഇല്ലാതാക്കുന്നതിന് സഹായിക്കുന്നു. വിവാഹ രജിസ്ട്രേഷനിൽ ഏർപ്പെടുത്തിയിട്ടുള്ള വീഡിയോ ഇ.കെ.വൈ.സി വഴി വരനും വധുവിനും സ്ഥാപനത്തിൽ നേരിട്ട് പോകാതെ തന്നെ വിവാഹ രജിസ്ട്രേഷൻ സാധ്യമാകുന്നു. കെ-സ്മാർട്ട് നിലവിൽ വന്ന ശേഷം ജനന മരണ വിവാഹ രജിസ്ട്രേഷനുകൾ നടത്തുന്നതിനായി എടുക്കുന്ന സമയം ഗണ്യമായ രീതിയിൽ കുറഞ്ഞിട്ടുണ്ട്.

## വസ്തു നികുതി

കെട്ടിടങ്ങൾക്ക് നമ്പർ നൽകുക, നികുതി നിശ്ചയിക്കുക, നികുതി ഓൺലൈനായി അടവാക്കുക, കെട്ടിടത്തിന്റെ നികുതി പുനർനിർണ്ണയിക്കുക, കെട്ടിടത്തിന്റെ വിവരങ്ങളിൽ മാറ്റം വരുത്തുക, ഉടമസ്ഥാവകാശം മാറ്റുക, നികുതി ഒഴിവുകൾക്കായി അപേക്ഷിക്കുക എന്നിങ്ങനെ വസ്തു നികുതിയുമായി ബന്ധപ്പെട്ട സേവനങ്ങൾ ഈ മോഡ്യൂൾ വഴി ലഭ്യമാകുന്നു. കെട്ടിടത്തിന്റെ കാലപ്പഴക്കം, വിസ്തീർണ്ണം, നികുതി ഒഴിവ്, തരം എന്നിവയെല്ലാം വ്യക്തമാക്കുന്ന ബിൽഡിംഗ് സർട്ടിഫിക്കറ്റ്, ഓണർഷിപ്പ് സർട്ടിഫിക്കറ്റ്, റസിഡൻഷ്യൽ സർട്ടിഫിക്കറ്റ് എന്നിവയും ജനങ്ങൾക്ക് എളുപ്പത്തിൽ ലഭ്യമാകുന്നു. കെട്ടിടത്തെ സ്വന്തം ലോഗിനുമായി ലിങ്ക് ചെയ്യാനുള്ള സൗകര്യവും ഏർപ്പെടുത്തിയിട്ടുണ്ട്. കെട്ടിടങ്ങൾ ഗ്രൂപ്പ് ചെയ്ത് നികുതി അടവാക്കുന്നതിനും ഈ മോഡ്യൂൾ വഴി സാധിക്കും. 2025ലെ ഡീലിമിറ്റേഷൻ പ്രകാരം കെട്ടിടങ്ങൾക്ക് പുതിയ വാർഡ് അടിസ്ഥാനത്തിൽ പുതിയ നമ്പർ നൽകുന്നതിനുള്ള സൗകര്യവും ഏർപ്പെടുത്തിയിട്ടുണ്ട്.

## ലൈസൻസ്

വ്യാപാരങ്ങൾ, വ്യവസായങ്ങൾ എന്നിവയുടെ ലൈസൻസ് നേടുന്നതിനും അവയ്ക്ക് തിരുത്തലുകൾ വരുത്തുന്നതിനും പുതുക്കുന്നതിനും പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ നടത്തുന്നതിനും പുതുക്കുന്നതിനും ഈ മോഡ്യൂൾ വഴി എളുപ്പത്തിൽ സാധിക്കും.

## കെട്ടിട നിർമ്മാണ പെർമിറ്റ്

കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട എല്ലാ സേവനങ്ങളും ഓൺലൈനായി ഈ മോഡ്യൂൾ വഴി ലഭ്യമാകുന്നു. കെട്ടിട നിർമ്മാണ പ്ലാൻ തയ്യാറാക്കുന്ന ലൈസൻസികൾക്കും ലോഗിൻ സജ്ജീകരിച്ചിട്ടുണ്ട്. കെ-സ്മാർട്ടിൽ ഉപയോഗിക്കുന്ന ജി.ഐ.എസ് റൂൾ എൻജിൻ കെട്ടിടം നിർമ്മിക്കാൻ ഉപയോഗിക്കുന്ന സ്ഥലത്ത് ഏതൊക്കെ നിർമ്മാണങ്ങൾ അനുവദനീയമാണെന്ന് കണ്ടെത്താൻ സഹായിക്കുന്നു. എയർ പോർട്ട്, റെയിൽവേ, തീരദേശ മേഖല, ഹൈടെൻഷൻ ഇലക്ട്രിക് ലൈൻ, മാസ്റ്റർ പ്ലാനുകൾ, ദുരന്തനിവാരണ പ്ലാൻ തുടങ്ങിയ ഷേപ്പ് ഫയലുകൾ എല്ലാം തന്നെ കെ-സ്മാർട്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കെട്ടിടത്തിനായി വരയ്ക്കുന്ന പ്ലാനുകൾ നിയമപ്രകാരമുള്ളതാണോ എന്ന് സിസ്റ്റം തന്നെ പരിശോധിക്കുന്ന റൂൾ എൻജിൻ കെട്ടിട നിർമ്മാണ പ്ലാനുകൾ തയ്യാറാക്കുന്നവർക്ക് ഏറെ സഹായകരമാണ്. 300 ചതുരശ്ര മീറ്റർ വരെയുള്ള വാസഗൃഹങ്ങൾക്കും മറ്റ് ലോ റിസ്ക് കാറ്റഗറി കെട്ടിടങ്ങൾക്കും തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ പോകാതെ തന്നെ പെർമിറ്റ് ഒരു മിനിറ്റിനകം ജനങ്ങൾക്ക് ലഭ്യമാകുന്ന സെൽഫ് സർട്ടിഫൈഡ് പെർമിറ്റ് സൗകര്യവും ലഭ്യമാക്കിയിട്ടുണ്ട്. മറ്റ് സേവനങ്ങളായ ലൈസൻസ് മാറ്റൽ, പെർമിറ്റ് റിന്യൂവൽ, എക്സ്റ്റൻഷൻ എന്നിവയ്ക്കും ഓൺലൈനായി അപേക്ഷിക്കുവാൻ സാധിക്കുന്നു.

## പരാതി പരിഹാര സംവിധാനം

കെ-സ്മാർട്ടിൽ ഏർപ്പെടുത്തിയിട്ടുള്ള പി.ജി.ആർ (PGR) മോഡ്യൂൾ വഴി പരാതികൾ ഓൺലൈനായി നൽകാൻ കഴിയുന്നു. പരാതിയുടെ കൂടെ ഫോട്ടോ/രേഖകൾ/വീഡിയോ എന്നിവ നൽകുന്നതിനും സ്ഥലത്തിന്റെ ലൊക്കേഷൻ രേഖപ്പെടുത്തുന്നതിനും സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. സ്വന്തമായി പരാതി നൽകുന്നതിനും മറ്റൊരാൾക്ക് വേണ്ടി പരാതി നൽകുന്നതിനും മാസ് പെറ്റീഷൻ നൽകുന്നതിനും ഉള്ള സൗകര്യം പി.ജി.ആറിൽ ഉണ്ട്. പരാതി സംബന്ധിച്ച് നോട്ടീസ് ലഭിക്കുന്ന ആൾക്ക് മറുപടി ഓൺലൈനായി നൽകുന്നതിനായി 'റിപ്ലൈ ഫ്രം റെസ്പോണ്ടന്റ്' എന്ന സൗകര്യവും പരാതി പിൻവലിക്കുന്നതിനുള്ള സൗകര്യവും ഏർപ്പെടുത്തിയിട്ടുണ്ട്.

## ഫയൽ

മോഡ്യൂളുകൾ വികസിപ്പിച്ച് പൂർത്തിയാക്കാത്ത സേവനങ്ങൾ കൈകാര്യം ചെയ്യുന്നതിനും മറ്റ് ഔദ്യോഗിക നടപടികൾ സ്വീകരിക്കുന്നതിനുമായി ഫയൽ മാനേജ്മെന്റ് സംവിധാനം കെ-സ്മാർട്ടിൽ സജ്ജീകരിച്ചിട്ടുണ്ട്. ബി.പി.എൽ സർട്ടിഫിക്കറ്റ്, വിവരാവകാശ അപേക്ഷ, മറ്റു സേവനങ്ങൾ എന്നിവ ഈ മോഡ്യൂളിലൂടെയാണ് ലഭ്യമാവുക. സേവനങ്ങൾ തെരഞ്ഞെടുത്ത് എളുപ്പത്തിൽ അപേക്ഷ നൽകുന്നതിന് ഇവിടെ സാധിക്കും. ജീവനക്കാർക്ക് ഒന്നിലധികം റോളുകൾ കൈകാര്യം ചെയ്യുന്നതിനും കത്തുകളും സർട്ടിഫിക്കറ്റുകളും ഡിജിറ്റലായി ഒപ്പിടുന്നതിനും സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്.




## ഫിനാൻസ്

പണമിടപാടുകൾ തികച്ചും ഓൺലൈനാക്കി മാറ്റുന്നതിന് കെ-സ്മാർട്ട് ലക്ഷ്യമിടുന്നു. ഇലക്ട്രോണിക് സംവിധാനം ചെലവുകൾ എളുപ്പത്തിൽ ചെയ്യുന്നതിന് സഹായിക്കുന്നു. പണം സ്വീകരിക്കുന്നതിനും ഓൺലൈനായി അടവാക്കുന്നതിനും ഇ-പോസ് മെഷീനുകളുടെ സേവനവും പ്രയോജനപ്പെടുത്തുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ചെലവുകളിൽ പാലിക്കേണ്ട ബജറ്റ് നിയന്ത്രണവും കെ-സ്മാർട്ടിൽ ഏർപ്പെടുത്തിയിട്ടുണ്ട്. സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച വിവരങ്ങൾ വിവിധങ്ങളായ റിപ്പോർട്ടുകൾ വഴി ലഭ്യമാക്കുന്നത് ഫണ്ട് വിനിയോഗം അവലോകനം ചെയ്യുന്നതിനും സഹായിക്കുന്നു.

## മീറ്റിംഗ് മാനേജ്മെന്റ്

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ വിവിധ യോഗങ്ങൾ സംബന്ധിച്ച നടപടികൾ സ്വീകരിക്കുന്നതിനായി മീറ്റിംഗ് മാനേജ്മെന്റ് മോഡ്യൂൾ കെ-സ്മാർട്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പഞ്ചായത്ത് കൗൺസിൽ യോഗം, സ്റ്റാൻഡിംഗ് കമ്മിറ്റി യോഗങ്ങൾ, മറ്റു യോഗങ്ങൾ എന്നിവ ചേരുന്നതിനും തീരുമാനങ്ങൾ രേഖപ്പെടുത്തുന്നതിനും ഈ മോഡ്യൂൾ സഹായിക്കുന്നു. യോഗത്തിന്റെ അജണ്ട തയ്യാറാക്കുക, നോട്ടീസ് നൽകുക, മീറ്റിംഗ് നടത്തുക, ഹാജർ രേഖപ്പെടുത്തുക, തീരുമാനങ്ങൾ രേഖപ്പെടുത്തുക, തീരുമാനങ്ങൾ ഡൗൺലോഡ് ചെയ്യുക എന്നിങ്ങനെ യോഗങ്ങളുമായി ബന്ധപ്പെട്ട എല്ലാ പ്രവർത്തനങ്ങളും ഓൺലൈനായി നടത്തുന്നതിന് മീറ്റിംഗ് മാനേജ്മെന്റ് മോഡ്യൂൾ സഹായിക്കുന്നു.

തൊഴിൽ നികുതി, വാടക, ഹാൾ ബുക്കിംഗ്, പെൻഷനുകൾ, പദ്ധതി, ആസ്തി, ഓഡിറ്റ് തുടങ്ങിയ മോഡ്യൂളുകൾ ഐ.കെ.എം വികസിപ്പിച്ചു വരികയാണ്. വിവിധ മോഡ്യൂളുകൾ, വിവിധ വിവരശേഖരണങ്ങളുമായിട്ടുള്ള സംയോജനം എന്നിവയ്ക്കുള്ള നടപടികളും പുരോഗമിക്കുന്നു. നൂതന സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തി ചാറ്റ്ബോട്ട് സംവിധാനവും വിഭാവനം ചെയ്തിട്ടുണ്ട്. നിർമ്മിത ബുദ്ധി സാങ്കേതികവിദ്യ ഉപയോഗിച്ച് ജനങ്ങൾക്ക് എളുപ്പത്തിലും സുതാര്യമായും സേവനങ്ങൾ നൽകുന്നതിനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും ഇ-ഗവേണൻസ് വഴി സദ്ഭരണവും ജനകേന്ദ്രീകൃത സുസ്ഥിര വികസനവും മെച്ചപ്പെടുത്തുന്നതിനുമായി സാങ്കേതിക വിദ്യ കൂടുതൽ പ്രയോജനപ്പെടുത്താനുള്ള നിരന്തര പരിശ്രമത്തിലാണ് ഇൻഫർമേഷൻ കേരള മിഷൻ.

എസ്. ആശ

സ്ത്രീശാക്തീകരണ ദാരിദ്ര്യ നിർമാർജ്ജന പ്രവർത്തനങ്ങളിലൂടെ കേരളത്തിലെ സാധാരണക്കാരായ സ്ത്രീകളുടെ ജീവിതത്തിൽ ശ്രദ്ധേയമായ മാറ്റങ്ങൾ സൃഷ്ടിച്ച പ്രസ്ഥാനമാണ് കുടുംബശ്രീ. കേരളത്തിന്റെ ഭൂമികയിൽ ഇത്രമേൽ ആഴത്തിൽ വേരോട്ടം സാധ്യമായ ഒരേയൊരു പ്രസ്ഥാനവും ഈ സ്ത്രീകൂട്ടായ്മയാണ്.

# കുടുംബശ്രീ സ്ത്രീശാക്തീകരണത്തിന്റെ കേരള മാതൃക

മൂന്നു ലക്ഷത്തിലേറെ അയൽക്കൂട്ടങ്ങൾ, 19470 ഏരിയാ ഡെവലപ്മെന്റ് സൊസൈറ്റികൾ, 1070 സി.ഡി.എസുകൾ എന്നിവ ഉൾപ്പെടുന്ന ത്രിതല സംഘടനാ സംവിധാനമാണ് കുടുംബശ്രീയുടെ അടിത്തറ. ഇതിനെ ശക്തിപ്പെടുത്താൻ കഴിഞ്ഞ നാലര വർഷത്തിനിടയിൽ ശ്രദ്ധേയമായ ഒട്ടനവധി പ്രവർത്തനങ്ങളാണ് കുടുംബശ്രീ നടപ്പാക്കിയത്. 18നും 40നും ഇടയിൽ പ്രായമുള്ള യുവതികളെ ഉൾപ്പെടുത്തി 19472 ഓക്സിലറി ഗ്രൂപ്പുകൾ രൂപീകരിക്കാനും അതിലൂടെ മൂന്നു ലക്ഷത്തിലേറെ യുവതികളെ ഇതിൽ അംഗങ്ങളാക്കാനും സാധിച്ചു. കൂടാതെ 641 സി.ഡി.എസുകളെ പ്രവർത്തനമികവിന്റെ അടിസ്ഥാനത്തിൽ മാതൃക സി.ഡി.എസുകളാക്കി വികസിപ്പിക്കാനും ഐ.എസ്.ഒ അംഗീകാരം ലഭ്യമാക്കാനും ത്രിതല സംഘടനാ സംവിധാനത്തിലെ മുഴുവൻ ഭാരവാഹികൾക്കും പരിശീലനം നൽകാനും കഴിഞ്ഞത് ഇക്കാലയളവിലാണ്.

അയൽക്കൂട്ടങ്ങളിൽ സൂക്ഷ്മസമ്പാദ്യം പ്രോത്സാഹിപ്പിക്കുകയും അതിൽ നിന്നും തങ്ങളുടെ ആവശ്യങ്ങൾക്കായി വായ്പ ലഭ്യമാക്കുകയും ചെയ്യുന്നതിന് കുടുംബശ്രീ മുഖേന നടപ്പാക്കുന്ന മൈക്രോ ഫിനാൻസ് പദ്ധതിയുടെ ഭാഗമായി കഴിഞ്ഞ നാലര വർഷം കൊണ്ട് 3004.41 കോടി രൂപയുടെ നിക്ഷേപം നേടാനായി. അയൽക്കൂട്ട അംഗങ്ങൾക്ക് സാമ്പത്തിക സാക്ഷരത നൽകുന്നതിനുള്ള നിരവധി പ്രവർത്തനങ്ങളും ആസൂത്രണം ചെയ്ത് നടപ്പാക്കി.










സ്ത്രീകളെ സാമ്പത്തികമായി ശാക്തീകരിക്കുന്നതിനായി കാർഷിക സൂക്ഷ്മ സംരംഭങ്ങൾ ഉൾപ്പെടെ ഉപജീവന മേഖലയ്ക്ക് പ്രത്യേക പരിഗണന നൽകിക്കൊണ്ടാണ് കുടുംബശ്രീയുടെ പ്രവർത്തനങ്ങൾ. കഴിഞ്ഞ നാലര വർഷത്തിനുള്ളിൽ ശ്രദ്ധേയമായ ഒട്ടനവധി പ്രവർത്തനങ്ങളുമായി കാർഷിക മേഖലയിൽ പുതിയ മുഖച്ഛായ കൈവരിക്കാനായി. കാർഷിക രംഗത്തെ ആധുനികവൽക്കരണവും വനിതാ കർഷകർക്ക് സുസ്ഥിര വരുമാനലഭ്യതയും ലക്ഷ്യമിട്ട് ആരംഭിച്ച ടെക്നോളജി അഡ്വാൻസ്മെന്റ് പ്രോഗ്രാം (കെ-ടാപ്) ഈ രംഗത്തെ കരുത്തുറ്റ കാൽവയ്പാണ്. 184 പുതിയ സാങ്കേതികവിദ്യകളാണ് പദ്ധതിയുടെ ഭാഗമായി കുടുംബശ്രീ സ്വന്തമാക്കിയത്. 21457.13 ഹെക്ടർ സ്ഥലത്ത് കൃഷി ആരംഭിച്ചു. അതിലൂടെ 108195 വനിതകൾക്ക് തൊഴിലും വരുമാനവും ലഭ്യമാക്കി. കൂടാതെ 3066621 പോഷക ഉദ്യാനങ്ങൾ, 904 പ്രൊഡ്യൂസർ ഗ്രൂപ്പുകൾ, 125 ഇന്റഗ്രേറ്റഡ് ഫാമിങ്ങ് ക്ലസ്റ്ററുകൾ, 411 ജൈവിക പ്ലാന്റ് നഴ്സറികൾ, വിദ്യാർത്ഥികളെ കാർഷിക സംരംഭകരാക്കാൻ ലക്ഷ്യമിട്ടുകൊണ്ടുള്ള 'കെ-അഗ്രി ബിസിനസ് നെസ്റ്റ്', 'ഓണക്കനി', 'നിറപ്പൊലിമ', 'വേനൽ






മധുരം', തുടങ്ങിയ പദ്ധതികളും സ്മാർട്ട് ഫാമിങ്ങിന്റെ ഭാഗമായി വനിതകൾക്ക് ഡ്രോൺ പരിശീലനവും ലഭ്യമാക്കി. മൃഗസംരക്ഷണ മേഖലയിൽ കേരള ചിക്കൻ പദ്ധതി വഴി എഴുനൂറോളം കുടുംബങ്ങൾക്ക് നേരിട്ടും മുന്നൂറോളം കുടുംബങ്ങൾക്ക് പരോക്ഷമായും തൊഴിൽ ലഭിക്കുന്നുണ്ട്. നിലവിൽ നാനൂറ് കോടിയിലേറെയാണ് കേരള ചിക്കന്റെ വിറ്റുവരവ്.







സൂക്ഷ്മസംരംഭ മേഖലയിലും മാർക്കറ്റിങ്ങ് രംഗത്തും പുതിയ കുതിപ്പ് കൈവരിച്ച വർഷങ്ങളാണ് കടന്നു പോയത്. പരമ്പരാഗത സംരംഭങ്ങൾക്കൊപ്പം ആധുനിക സൗകര്യങ്ങളോടെ ആരംഭിച്ച പ്രീമിയം കഫേ റെസ്റ്റോറന്റ് ശൃംഖല, കെ 4 കെയർ, ഷീ സ്റ്റാർട്ട്സ്, മാ കെയർ, ഹരിതകർമസേന തുടങ്ങി കാലത്തിന്റെ മാറ്റങ്ങൾക്കൊപ്പം കൂടുതൽ തൊഴിലവസരങ്ങൾ കണ്ടെത്തുന്നതിന്റെ ഭാഗമായി നിരവധി പദ്ധതികളാണ് രൂപീകരിച്ചത്. ഇവയെല്ലാം ഏറെ സ്വീകരിക്കപ്പെട്ടിട്ടുമുണ്ട്. കുടുംബശ്രീ ലൈവ്‌ലിഹുഡ് ഇനിഷ്യേറ്റീവ് ഫോർ ട്രാൻസ്ഫോർമേഷൻ 'കെ ലിഫ്റ്റ്' ഉപജീവന ക്യാമ്പയിൻ വഴി സൂക്ഷ്മ സംരംഭ മേഖലയിൽ അമ്പതിനായിരത്തിലേറെ സംരംഭങ്ങളാണ് രൂപീകരിച്ചത്. ഉൽപ്പാദന സേവന മേഖലകളിൽ വൈവിധ്യമാർന്ന തൊഴിൽ അവസരങ്ങൾ കണ്ടെത്തുന്നതിലൂടെ സുസ്ഥിര വരുമാന ലഭ്യത ഉറപ്പു വരുത്തുന്നതിലും അതുവഴി പ്രാദേശിക സാമ്പത്തിക വികസന പ്രക്രിയ ത്വരിതപ്പെടുത്തുന്നതിലും കുടുംബശ്രീ വലിയ പങ്കു വഹിക്കുന്നുണ്ട്. സംസ്ഥാനത്ത് പൊതുഗതാഗത രംഗത്ത് വിപ്ലവാത്മകമായ മാറ്റം സൃഷ്ടിച്ച കൊച്ചി റെയിൽ മെട്രോയുടെ 24 സ്റ്റേഷനുകളിലായി 555 വനിതകൾ ജോലി ചെയ്യുന്നു. കൊച്ചി വാട്ടർ മെട്രോയിൽ ജോലി ചെയ്യുന്ന മുപ്പത് പേരും കുടുംബശ്രീ വനിതകൾ തന്നെ.

പരമ്പരാഗത വിപണന മാർഗങ്ങൾക്കൊപ്പം കുടുംബശ്രീ ഉൽപ്പന്നങ്ങൾ ഒരു കുടക്കീഴിൽ ലഭ്യമാക്കുന്ന ഓൺലൈൻ പ്ലാറ്റ്ഫോം പോക്കറ്റ്മാർട്ട് ആപ്ലിക്കേഷൻ സംവിധാനം സജ്ജമാക്കി വിപണിയിലെ മാറ്റങ്ങൾക്കൊപ്പം മാർക്കറ്റിങ്ങ് രംഗത്തും സാന്നിദ്ധ്യം ശക്തമാക്കി. നിലവിൽ ഫ്ളിപ്കാർട്ട്, ആമസോൺ, ഒ.എൻ.ഡി.സി തുടങ്ങിയവയുമായും കുടുംബശ്രീ സഹകരിക്കുന്നു. കൂടാതെ ഉച്ചഭക്ഷണം ഓൺലൈൻ വഴി ലഭ്യമാക്കുന്ന ലഞ്ച് ബെൽ പദ്ധതിയും വിജയകരമായി നടപ്പാക്കുന്നു,

സമൂഹത്തിൽ പാർശ്വവൽക്കരിക്കപ്പെട്ടവർ, അഗതികൾ, നിരാലംബർ, മാനസിക ബൗദ്ധിക വെല്ലുവിളികൾ നേരിടുന്നവർ എന്നിവരെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടു വരുന്നതിനായി കുടുംബശ്രീ മുഖേന സാമൂഹ്യ സുരക്ഷാ മേഖലയിൽ നിരവധി പദ്ധതികൾ നടപ്പാക്കുന്നുണ്ട്. അഗതി കുടുംബങ്ങളുടെ അതിജീവന ഉപജീവന മാനസിക ആവശ്യങ്ങൾ ലഭ്യമാക്കിക്കൊണ്ട് അവർക്ക് കരുതലും സുരക്ഷയും ഒരുക്കുന്നതിനായി നടപ്പാക്കുന്ന അഗതിരഹിത കേരളം പദ്ധതി, ഭിന്നശേഷിക്കാർക്കു വേണ്ടിയുള്ള ബഡ്സ് സ്ഥാപനങ്ങൾ, കുട്ടികളുടെ അവകാശങ്ങൾ ഉറപ്പു വരുത്തുന്ന ബാലസഭകളും അതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളും എന്നിവ

പുതിയ ദിശാബോധം കൈവരിച്ചു കൊണ്ടാണ് മുന്നേറുന്നത്.

പട്ടികവർഗ മേഖലയിലെ ഇടപെടലുകളും ഏറെ ശ്രദ്ധേയമാണ്. പത്തോളം പ്രത്യേക പദ്ധതികളാണ് ഈ മേഖലയിൽ മാത്രം നടപ്പാക്കുന്നത്. ഗർഭിണികൾക്കും മുലയൂട്ടുന്ന അമ്മമാർക്കും പോഷകാഹാര ലഭ്യത ഉറപ്പു വരുത്തുന്നതിനായി കമ്മ്യൂണിറ്റി കിച്ചൻ, കൗമാര പ്രായക്കാരായ പെൺകുട്ടികൾക്ക് സഫല, സ്കൂളിൽ നിന്നും പഠനം പൂർത്തിയാക്കാതെ പോകുന്ന കുട്ടികൾക്കായി ബ്രിഡ്ജ് കോഴ്സ്, യുവതീയുവാക്കൾക്ക് ഡി.ഡി.യു.ജി.കെ.വൈ പദ്ധതിയിൽ ഉൾപ്പെടുത്തി തൊഴിൽ നൈപുണ്യ പരിശീലനം എന്നിവയും ലഭ്യമാക്കുന്നു. കാസർഗോഡ് കന്നഡ മേഖലയിലെ വനിതകളുടെ സമഗ്ര വികസനം ലക്ഷ്യമിട്ടു കൊണ്ട് 'കന്നഡ സ്പെഷ്യൽ പ്രോജക്ട്', വനിതാ ശാക്തീകരണത്തിനായി ലൈഫ് മാസ്റ്റർ പ്ലാൻ, തദ്ദേശീയ കലാരൂപ സംരംഭ പദ്ധതി 'ജനഗൽസ', തദ്ദേശീയ മേഖലയിലെ കുട്ടികൾക്ക് ഇംഗ്ലീഷ് ഭാഷാ പരിശീലനം നൽകുന്ന 'കമ്മ്യൂണിക്കോർ', വനിതകളുടെ സംരംഭകത്വ വികസനത്തിനായി 'കുടുംബശ്രീ ട്രൈബൽ എന്റർപ്രൈസ് ആൻഡ് ഇന്നവേഷൻ സെന്റർ (കെ-ടിക്), തദ്ദേശീയ മേഖലയിലെ കുട്ടികളുടെ മാനസികവും ബൗദ്ധികവും സാംസ്കാരികവുമായ ഉന്നമനത്തിനായി 'കനസ് ജാഗ' തുടങ്ങി ഒട്ടേറെ നൂതനവും വൈവിധ്യമാർന്നതുമായ പദ്ധതികളാണ് ഈ മേഖലയിൽ നടപ്പാക്കുന്നത്. പട്ടികജാതി വിഭാഗത്തിന്റെ ഉന്നമനത്തിനായി പാലക്കാട് ജില്ലയിലെ കുഴൽമന്ദം ബ്ലോക്കിനു കീഴിലുള്ള ഏഴു സി.ഡി.എസുകളിൽ ആരംഭിച്ച പ്രത്യേക ജീവനോപാധി പദ്ധതിയായ 'സമുന്നതി' ഇപ്പോൾ കൊല്ലങ്കോട്, തൃത്താല എന്നിവിടങ്ങളിലേക്കും കൂടാതെ പത്തനംതിട്ട ജില്ലയിലെ മെഴുവേലി, ആറന്മുള, ഇലന്തൂർ എന്നിവിടങ്ങളിലേക്കും വ്യാപിപ്പിച്ചിട്ടുണ്ട്.

അതിക്രമങ്ങൾ നേരിടേണ്ടി വരുന്ന സ്ത്രീകൾക്കും കുട്ടികൾക്കുമായി നിലവിൽ എല്ലാ ജില്ലകളിലും അട്ടപ്പാടിയിലും പ്രവർത്തിക്കുന്ന സ്നേഹിത ജെൻഡർ ഹെൽപ് ഡെസ്കിനു പുറമേ, സംസ്ഥാനത്തെ 84 പോലീസ് സ്റ്റേഷനുകളിൽ കുടുംബശ്രീ സ്നേഹിത എക്സ്റ്റൻഷർ സെന്ററുകളും ആരംഭിക്കാൻ കഴിഞ്ഞു. പ്രാദേശിക തലത്തിൽ സ്ത്രീസുരക്ഷ ഉറപ്പാക്കുന്നതിനായി വിജിലന്റ് ഗ്രൂപ്പുകൾ, ജെൻഡർ റിസോഴ്സ് സെന്ററുകൾ, മാതൃകാ ജെൻഡർ റിസോഴ്സ് സെന്ററുകൾ, സ്കൂളുകളിലും കോളേജുകളിലും ജെൻഡർ ക്ലബ്ബുകൾ, കമ്മ്യൂണിറ്റി കൗൺസലർമാർ എന്നിവ ഉൾപ്പെടെ വളരെ വിപുലമായ സംവിധാനങ്ങൾ വഴി സ്ത്രീകൾക്കും കുട്ടികൾക്കും സുരക്ഷയൊരുക്കുന്നതിനുള്ള പ്രവർത്തനങ്ങൾ കുടുംബശ്രീയുടെ നേതൃത്വത്തിൽ നടപ്പാക്കുന്നുണ്ട്. ഇതോടൊപ്പം സ്ത്രീകൾക്കും കുട്ടികൾക്കും മതിയായ പോഷണവും ശുചിത്വവും ആരോഗ്യവും ഉറപ്പു വരുത്തുന്ന എഫ്.എൻ.എച്ച്.ഡബ്ല്യു പദ്ധതിയും ഇന്ന് ഏറെ മുന്നേറി കഴിഞ്ഞു. ഇതിന്റെ ഭാഗമായി നടപ്പാക്കുന്ന ഹാപ്പി കേരളം പദ്ധതിയും ശ്രദ്ധേയമായ രീതിയിൽ മുന്നേറുകയാണ്. ഓരോ കുടുംബത്തെയും സന്തോഷത്തിന്റെ ഇടമാക്കി മാറ്റിക്കൊണ്ട് സമൂഹത്തിന്റെ സന്തോഷ സൂചിക ഉയർത്തുക എന്ന ലക്ഷ്യത്തോടെയാണ് പദ്ധതി പ്രവർത്തനങ്ങൾ.

കേന്ദ്രാവിഷ്കൃത പദ്ധതികളുടെ നടത്തിപ്പിലും വലിയ തോതിലുള്ള മുന്നേറ്റമാണ് ഇക്കാലയളവിൽ കൈവരിക്കാൻ കഴിഞ്ഞത്. ദേശീയ ഗ്രാമീണ ഉപജീവന ദൗത്യം, ദീൻ ദയാൽ ഉപാധ്യായ ഗ്രാമീൺ കൗശല്യ യോജന, സ്റ്റാർട്ടപ് വില്ലേജ് എന്റർപ്രണർഷിപ് പ്രോഗ്രാം, ദേശീയ നഗര ഉപജീവന ദൗത്യം, പ്രധാനമന്ത്രി ആവാസ് യോജന എന്നീ കേന്ദ്രാവിഷ്കൃത പദ്ധതികളുടെ സംസ്ഥാന നോഡൽ ഏജൻസിയും കുടുംബശ്രീയാണ്.

നാഷണൽ റിസോഴ്സ് ഓർഗനൈസേഷൻ മുഖേന ഇന്ത്യയിലെ 24 സംസ്ഥാനങ്ങളിലും ഒരു കേന്ദ്രഭരണ പ്രദേശത്തും കേരളത്തിലെ മാതൃക നടപ്പാക്കിക്കൊണ്ട് അവിടുത്ത ദരിദ്ര വനിതകൾക്കും അവരുടെ കുടുംബങ്ങൾക്കും അഭയകേന്ദ്രമാവുകയാണ് കേരളത്തിന്റെ കുടുംബശ്രീ.

കുടുംബശ്രീ പ്രവർത്തനം ആരംഭിച്ച് 25 വർഷം പൂർത്തിയാകുമ്പോൾ രാഷ്ട്രീയ ശാക്തീകരണത്തിലും കുടുംബശ്രീ വനിതകൾ ബഹുദൂരം മുന്നേറി കഴിഞ്ഞു. ഇക്കുറി നടന്ന തദ്ദേശ തെരഞ്ഞെടുപ്പിൽ ജനവിധി തേടി വിജയം കൈവരിച്ചത് 7210 കുടുംബശ്രീ അംഗങ്ങളാണ്. ത്രിതല സംഘടനാ സംവിധാനത്തിൽ പ്രവർത്തിച്ച പരിചയവും അറിവും ആത്മവിശ്വാസവുമാണ് പ്രാദേശിക സർക്കാരുകളുടെ അധികാര സ്ഥാനങ്ങളിലേക്കെത്താൻ ഇവർക്ക് ഊർജ്ജം നൽകിയത്. അങ്ങനെ സ്ത്രീശാക്തീകരണം എന്ന വലിയ ലക്ഷ്യത്തെ എല്ലാ അർത്ഥത്തിലും സാർത്ഥകമാക്കുകയാണ് കുടുംബശ്രീ.



ആശ എസ്. പണിക്കർ

# സംരംഭകർക്ക് ആവേശമായി കുടുംബശ്രീ ദേശീയ സരസ് മേള




കുടുംബശ്രീയുടെ നേതൃത്വത്തിൽ പാലക്കാട് തൃത്താല ചാലിശ്ശേരിയിൽ നടന്ന ദേശീയ സരസ് ഉൽപ്പന്ന പ്രദർശന വിപണന മേള സ്ത്രീശാക്തീകരണ, ദാരിദ്ര്യനിർമാർജ്ജന മേഖലകളിലെ കേരളത്തിന്റെ മികവും സ്ത്രീകളുടെ സംഘശക്തിയും രാജ്യത്തിനു മുന്നിൽ ഒരിക്കൽക്കൂടി ഉയർത്തിക്കാട്ടി. കുടുംബശ്രീയും കേന്ദ്ര ഗ്രാമവികസന മന്ത്രാലയവും സംയുക്തമായി എല്ലാ വർഷവും സംഘടിപ്പിക്കുന്ന ദേശീയ സരസ് മേളകൾ സംരംഭകർക്ക് മെച്ചപ്പെട്ട വരുമാനം ഉറപ്പുവരുത്തുന്നതിൽ നിർണായക പങ്കുവഹിക്കുന്നു. പതിമൂന്നാമത് ദേശീയ മേളയ്ക്കാണ് തൃത്താല ആതിഥ്യമരുളിയത്.

ജനുവരി 2 മുതൽ 11 വരെ സംഘടിപ്പിച്ച ദേശീയ സരസ് മേള ഇന്ത്യൻ ഗ്രാമീണ സംരംഭകരുടെ വൈവിധ്യമാർന്ന ഉൽപ്പന്നങ്ങൾക്കൊപ്പം സാംസ്കാരിക വൈവിധ്യങ്ങളും ഒരു കുടക്കീഴിൽ അണിനിരത്തി. കലാ സാംസ്കാരിക രാഷ്ട്രീയ മേഖലകളിലെ സജീവത കൊണ്ട് സമ്പന്നമായ തൃത്താലയിലെ ചാലിശ്ശേരിയിൽ ജനുവരി രണ്ടിന് പതിനായിരങ്ങളെ സാക്ഷിയാക്കി മുഖ്യമന്ത്രി പിണറായി വിജയൻ സരസ് മേള ഉദ്ഘാടനം ചെയ്തു. തദ്ദേശ സ്വയംഭരണ, എക്സൈസ്, പാർലമെന്ററികാര്യ വകുപ്പ് മന്ത്രി എം.ബി. രാജേഷ് അധ്യക്ഷത വഹിച്ചു. സ്പീക്കർ എ.എൻ. ഷംസീർ വിശിഷ്ടാതിഥിയായി.




**തൃത്താല ചാലിശ്ശേരിയിലേക്ക് ദേശീയ സരസ് മേള എത്തുന്നു എന്ന തീരുമാനം വന്ന നാൾ മുതൽ ഉത്സവാഘോഷത്തിലായിരുന്നു ഗ്രാമം. പന്തൽനാട്ടൽ മുതൽ പിന്നീടുള്ള ഓരോ ദിവസവും മികച്ച ആസൂത്രണവും വൈവിധ്യമാർന്ന പരിപാടികളുമായി സരസ് മേളയെ ഒരു വൻവിജയമാക്കുന്നതിന്റെ തിരക്കിലായിരുന്നു കുടുംബശ്രീയും തൃത്താലയിലെ തദ്ദേശ സ്ഥാപനങ്ങളും. പതിനെട്ടോളം വിവിധ സബ് കമ്മിറ്റികൾ രൂപീകരിച്ചുകൊണ്ട് മേളയുമായി ബന്ധപ്പെട്ട എല്ലാ പ്രവർത്തനങ്ങളും ഏകോപിപ്പിച്ചു.**

തൃത്താല ചാലിശ്ശേരിയിലേക്ക് ദേശീയ സരസ് മേള എത്തുന്നു എന്ന തീരുമാനം വന്ന നാൾ മുതൽ ഉത്സവാഘോഷത്തിലായിരുന്നു ഗ്രാമം. പന്തൽ നാട്ടൽ മുതൽ പിന്നീടുള്ള ഓരോ ദിവസവും മികച്ച ആസൂത്രണവും വൈവിധ്യമാർന്ന പരിപാടികളുമായി സരസ് മേളയെ ഒരു വൻവിജയമാക്കുന്നതിന്റെ തിരക്കിലായിരുന്നു കുടുംബശ്രീയും തൃത്താലയിലെ തദ്ദേശ സ്ഥാപനങ്ങളും. പതിനെട്ടോളം വിവിധ സബ് കമ്മിറ്റികൾ രൂപീകരിച്ചുകൊണ്ട് മേളയുമായി ബന്ധപ്പെട്ട എല്ലാ പ്രവർത്തനങ്ങളും ഏകോപിപ്പിച്ചു.

കേരളം ഉൾപ്പെടെ 28 സംസ്ഥാനങ്ങളിൽ നിന്നും എട്ട് കേന്ദ്രഭരണ പ്രദേശങ്ങളിൽ നിന്നുമുള്ള സംരംഭകർക്കായി 250 സ്റ്റാളുകളാണ് മേളയിൽ സജ്ജമാക്കിയത്. ഒരു ലക്ഷം ചതുരശ്ര അടിയിലാണ് പ്രദർശന വിപണന വിഭാഗം സജ്ജീകരിച്ചത്. കേരളത്തിൽ നിന്നും ഇതര സംസ്ഥാനങ്ങളിൽ നിന്നുമുള്ള സംരംഭകർ തയ്യാറാക്കിയ വൈവിധ്യമാർന്ന ഭക്ഷ്യോൽപ്പന്നങ്ങൾ, കരകൗശല വസ്തുക്കൾ, തുണിത്തരങ്ങൾ, ആഭരണങ്ങൾ, ഗൃഹോപകരണങ്ങൾ, നിത്യോപയോഗ സാധനങ്ങൾ തുടങ്ങി വീട്ടിലേക്കും വ്യാപാര സ്ഥാപനങ്ങളിലേക്കും ആവശ്യമായ വൈവിധ്യമാർന്ന ഉൽപ്പന്നങ്ങളുടെ പ്രദർശനവും വിപണനവും നാടിന് ഉത്സവമായി.



# കുടുംബശ്രീയുടെ ചരിത്രം നാടിന്റെ ചരിത്രം, മുഖ്യമന്ത്രി

ദാരിദ്ര്യ നിർമാർജന പ്രവർത്തനങ്ങളിൽ രാജ്യത്തെ മറ്റു സംസ്ഥാനങ്ങളേക്കാൾ കേരളം മുന്നിലെത്തിയതിൽ കുടുംബ ശ്രീയുടെ ഇടപെടലുകൾക്ക് സവിശേഷ സ്ഥാനമുണ്ടെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. പാലക്കാട് തൃത്താല ചാലിശ്ശേരിയിൽ പതിമൂന്നാമത് ദേശീയ സരസ് ഉൽപ്പന്ന പ്ര ദർശന വിപണന മേള ഉദ്ഘാടനം ചെയ്ത് സംസാരി ക്കുകയായിരുന്നു മുഖ്യമന്ത്രി. 'നാടിന്റെ ചരിത്രം എന്നത് കുടുംബശ്രീയുടെ കൂടി ചരിത്രമാണ്. സ്ത്രീകൾക്കെതിരായ കുറ്റകൃത്യങ്ങളിൽ സ്ത്രീകളുടെ സാമ്പത്തിക പരാധീനത പ്ര ധാന കാരണമാണ്. സ്ത്രീസുരക്ഷാ പദ്ധതികൾക്കൊപ്പം സാമ്പത്തിക മുന്നേറ്റം കൂടി കൈവരിച്ചാൽ മാത്രമേ സ്ത്രീപുരുഷ സമത്വം ഉണ്ടാകൂ. ഇതിന് സ്ത്രീകളുടെ തൊഴിൽ പങ്കാളിത്തം ഉയർത്തണം. വിപണി വിപുലീകരണം സാധ്യമാക്കുകയും സംരംഭകർക്ക് കൂടുതൽ വിപണി അവസരങ്ങൾ ലഭ്യമാക്കുകയും വേണം. ഇതിനായി വൻകിട ചെറുകിട വികസന പ്രവർത്തനങ്ങൾ ഒരുമിച്ച് കൊണ്ടു പോകണം. ഇത്തരം മേളകൾ അതിനുവേണ്ടിക്കൂടിയാണ്,' മുഖ്യമന്ത്രി പറഞ്ഞു.

വിവിധ മേഖലകളിൽ പ്രതിഭ തെളിയിച്ച ബീന ആർ. ചന്ദ്രൻ, അജയൻ ചാലിശ്ശേരി, ഡോ. വി. സേതുമാധവൻ, പെ രിങ്ങോട് ചന്ദ്രൻ എന്നിവരെ മുഖ്യമന്ത്രി ആദരിച്ചു.

## രുചിവൈവിധ്യങ്ങളൊരുക്കി ഫുഡ് കോർട്ട്

ഒരേസമയം അഞ്ഞൂറു പേർക്കു വരെ ഒരുമിച്ചിരുന്ന് ഭക്ഷണം കഴിക്കാവുന്ന മെഗാ ഇന്ത്യൻ ഫുഡ് കോർട്ടായിരുന്നു മേളയുടെ ഒരു പ്രധാന ആകർഷണം. കേരളത്തിൽ നിന്നുള്ളവരെ കൂടാതെ അസം, തെലങ്കാന, മഹാരാഷ്ട്ര, തമിഴ്നാട്, രാജസ്ഥാൻ, അരുണാചൽ പ്രദേശ്, ഗുജറാത്ത് തുടങ്ങി ഇതര സംസ്ഥാനങ്ങളിൽ നിന്നുള്ള നിരവധി സംരംഭകരും മേളയിൽ എത്തി. അട്ടപ്പാടിയിലെ വനിതാ സംരംഭകർ ഒരുക്കിയ 'വനസുന്ദരി' ചിക്കൻ വിഭവത്തിന് വലിയ തിരക്കാണ് ഫുഡ് കോർട്ടിൽ അനുഭവപ്പെട്ടത്. എറണാകുളത്തു നിന്നുള്ള ലക്ഷ്യ ട്രാൻസ്ജെൻഡർ ഗ്രൂപ്പ് വിവിധയിനം ജ്യൂസ് ഐറ്റങ്ങളുമായി എത്തി. അമ്യൂസ്മെന്റ് പാർക്ക്, ഫ്ളവർ ഷോ, ഹാപ്പിനസ് കോർണർ എന്നിവയും മേളയിൽ സജ്ജീകരിച്ചിരുന്നു. പാലക്കാട് ജില്ല കൂടാതെ മലപ്പുറം, തൃശൂർ ജില്ലകളിൽ നിന്നും ആളുകൾ മേളയിലേക്ക് ഒഴുകിയെത്തി.

ക്യാപ്റ്റൻ ലക്ഷ്മി, അമ്മു സ്വാമിനാഥൻ, പഞ്ചമി എന്നീ വേദികളിൽ അരങ്ങേറിയ കലാസാംസ്കാരിക പരിപാടികളിൽ കലാരംഗത്തെ ഒട്ടനവധി പ്രമുഖരും



പ്രശസ്തരുമായ വ്യക്തികൾ പങ്കെടുത്തു. ചലച്ചിത്ര താരം നവ്യ നായർ, പിന്നണി ഗായിക റിമി ടോമി, പുഷ്പവതി പൊയ്പാടത്ത്, കുമാരി ഗംഗാ ശശിധരൻ, ആർ.എൽ.വി. രാമകൃഷ്ണൻ, ഷഹബാസ്, സൂരജ് സന്തോഷ്, സ്റ്റീഫൻ ദേവസ്സി, സിതാര കൃഷ്ണകുമാർ എന്നിവരും സമാപന ദിവസം മുഖ്യാതിഥിയായെത്തിയ ചലച്ചിത്ര താരം മഞ്ജു വാര്യരും കലാവേദിയെ ധന്യമാക്കി. കലാ സാംസ്കാരിക രാഷ്ട്രീയ രംഗങ്ങളിൽ മികച്ച സംഭാവന നൽകിയ വ്യക്തിത്വങ്ങളെ ആദരിക്കുന്നതിനായി സംഘടിപ്പിച്ച 'ആദര സന്ധ്യ'യും മേളയ്ക്ക് സാംസ്കാരിക ശോഭ പകർന്നു. കൂടാതെ എല്ലാ ദിവസവും ജില്ലയിലെ സി.ഡി.എസുകളുടെ നേതൃത്വത്തിൽ കലാപരിപാടികൾ അവതരിപ്പിച്ചു.



## തദ്ദേശ തെരഞ്ഞെടുപ്പിൽ വിജയിച്ച ഹരിതകർമസേനാംഗങ്ങൾക്ക് ആദരം

മേളയോടനുബന്ധിച്ച് സംഘടിപ്പിച്ച 'വൃത്തിയുടെ വിജയം' പരിപാടിയിൽ തദ്ദേശ തെരഞ്ഞെടുപ്പിൽ മത്സരിച്ച് ജനപ്രതിനിധികളായ ഹരിതകർമസേനാംഗങ്ങളെ ആദരിച്ചു. തദ്ദേശ തെരഞ്ഞെടുപ്പിൽ മത്സരിച്ച 547 പേരിൽ വിജയികളായ 219 പേരെയാണ് ചടങ്ങിൽ ആദരിച്ചത്. സർക്കാരിന്റെ ശക്തമായ നിയമപരിരക്ഷയും പൊതുസമൂഹത്തിന്റെ അംഗീകാരവുമാണ്





## സരസ് ഫുഡ് കോർട്ട്:
# പുരസ്കാരങ്ങളിൽ തിളങ്ങി 'വനസുന്ദരി'യും തൃത്താല പ്രഥമനും.

സരസ് മേളയിൽ ഫുഡ് സ്റ്റാൾ വിഭാഗത്തിൽ കേരളത്തിൽ നിന്നുള്ള പുരസ്കാരം കോട്ടയം ജില്ലയ്ക്ക്. ഇതര സംസ്ഥാനങ്ങളിൽ നിന്നുള്ള ഏറ്റവും മികച്ച സ്റ്റാളിനുള്ള പുരസ്കാരം സിക്കിമിനാണ്. ട്രാൻസ് ജെൻഡർ വിഭാഗത്തിൽ മികച്ച സ്റ്റാൾ എറണാകുളം ജില്ലയിൽ നിന്നുള്ള ലക്ഷ്യ ഗ്രൂപ്പിന്റേതാണ്. അട്ടപ്പാടിയിലെ 'വനസുന്ദരി'യുടേതാണ് തദ്ദേശീയ മേഖലയിൽ നിന്നുള്ള മികച്ച സ്റ്റാൾ. മികച്ച നൂതന സംരംഭത്തിനുള്ള അവാർഡ് തൃത്താല പ്രഥമന് ലഭിച്ചു.

ഉൽപ്പന്ന പ്രദർശന-വിപണന വിഭാഗത്തിൽ മികച്ച സ്റ്റാളിനുള്ള ഒന്നാം സ്ഥാനം ഗോവയും രണ്ടാം സ്ഥാനം പശ്ചിമ ബംഗാളും മൂന്നാം സ്ഥാനം ഗുജറാത്തും കരസ്ഥമാക്കി. സംസ്ഥാന തലത്തിലെ മികച്ച സ്റ്റാളിനുള്ള ഒന്നാം സ്ഥാനം വയനാട് ജില്ലയിൽ നിന്നുള്ള ഇല്ലിക്കൽ എന്റർപ്രൈസസിനാണ്. സിബിതയാണ് സംരംഭക. രണ്ടാം സ്ഥാനം എറണാകുളം ജില്ലയിലെ ഭാവന ഗ്രൂപ്പിനും മൂന്നാം സ്ഥാനം കോഴിക്കോട് ജില്ലയിലെ പവിത്രം ഗ്രൂപ്പിനുമാണ്.

പാലക്കാട് ജില്ലയിലെ പ്രാദേശിക സംരംഭകരുടെ വിഭാഗത്തിൽ നാഗലശ്ശേരി പഞ്ചായത്തിലെ നസറിയയുടെ ഗ്രാൻഡ് ഫ്ളോർ യൂണിറ്റിനാണ് ഒന്നാം സ്ഥാനം. വണ്ടാഴി കുടുംബശ്രീ സി.ഡി.എസിലെ നിവേദ്യ പിക്കിൾസ് രണ്ടാം സ്ഥാനവും വെള്ളിനേഴിയിലെ പ്രത്യേക അയൽക്കൂട്ടം തേജസ് കുടുംബശ്രീ യൂണിറ്റ് മൂന്നാം സ്ഥാനവും സ്വന്തമാക്കി.



ഹരിതകർമസേനാംഗങ്ങളെ ജനാധിപത്യത്തിന്റെ മുൻനിരയിൽ എത്തിച്ചതെന്ന് പരിപാടി ഉദ്ഘാടനം ചെയ്ത മന്ത്രി എം.ബി. രാജേഷ് പറഞ്ഞു. ആക്ഷേപങ്ങളും പരിഹാസങ്ങളും ചൊരിഞ്ഞവരെക്കൊണ്ട് തിരുത്തിപ്പറയിക്കാൻ ഹരിതകർമസേനയ്ക്ക് സാധിച്ചു. തെരഞ്ഞെടുപ്പ് വിജയത്തിലൂടെ ഇവർ ദേശീയതലത്തിൽ തന്നെ പുതിയ മാതൃകയാണ് സൃഷ്ടിച്ചത്. പ്രതിസന്ധികളെ അതിജീവിച്ചാണ് അവർ ഈ വിജയം നേടിയത്. കേരളീയർക്ക് അന്തസ്സോടെ ജീവിക്കാൻ വൃത്തിയുള്ള സാഹചര്യം ഒരുക്കിയത് ഹരിതകർമസേനാംഗങ്ങളാണ്', മന്ത്രി പറഞ്ഞു. കലാ പരിപാടികൾക്കൊപ്പം, എല്ലാ ദിവസവും കാലികപ്രസക്തമായ വിഷയങ്ങളെ ആസ്പദമാക്കി സെമിനാറുകളും സംഘടിപ്പിച്ചു.

## ഉൽപ്പന്ന വിപണനത്തിലൂടെ 12 കോടി ഫുഡ് കോർട്ട് വഴി 1.91 കോടി

രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നെത്തിയ നൂറുകണക്കിന് വനിതാ സംരംഭകർക്ക് മികച്ച വരുമാനം സമ്മാനിച്ചാണ് സരസ് മേള സമാപിച്ചത്. ഫുഡ് കോർട്ടിൽ നിന്നു മാത്രം 1,91,25,760 രൂപയും ഉൽപ്പന്ന വിപണന





സ്റ്റാളുകളിൽ നിന്ന് 12,06,08,886 രൂപയും നേടാൻ കഴിഞ്ഞു. അട്ടപ്പാടിയിൽ നിന്നുള്ള 'വനസുന്ദരി' വിഭവം മാത്രം നേടിയത് 38,41,000 രൂപയാണ്. മറ്റു സംസ്ഥാനങ്ങളിൽ നിന്നെത്തിയ പല സംരംഭകരും തങ്ങൾ പങ്കെടുത്തതിൽ ഏറ്റവും മികച്ച മേളയെന്നാണ് ഈ സരസ് മേളയെ വിശേഷിപ്പിച്ചത്.

## സരസ് മേള ശുചിത്വ മേള

പത്തു ദിവസങ്ങൾ നീണ്ടുനിന്ന മേളയിൽ ജന ലക്ഷങ്ങൾ ഒഴുകിയെത്തിയിട്ടും ആദ്യാവസാനം ഹരിതചട്ടം പാലിക്കാൻ കഴിഞ്ഞത് ഹരിതകർമസേന യുടെയും കുടുംബശ്രീയുടെയും വിജയമായി. പ്രധാന പവിലിയൻ, കലാവേദികൾ, ഫുഡ് കോർട്ട് എന്നിവിടങ്ങളിലെ മാലിന്യം യഥാസമയം നീക്കം ചെയ്യുന്നതിനും സംസ്കരിക്കുന്നതിനും ആവശ്യമായ എല്ലാ സംവിധാനങ്ങളും ഒരുക്കിക്കൊണ്ടായിരുന്നു പ്രവർത്തനങ്ങൾ. മൈക്രോഎന്റർപ്രൈസ് കൺസൾ ട്ടന്റുമാർ, വിവിധ സബ് കമ്മിറ്റികൾക്കു കീഴിലെ വൊളന്റിയർമാർ, സി.ഡി.എസ്. പ്രവർത്തകർ തുടങ്ങിയവർ മേളയുടെ തുടക്കം മുതൽ അതിന്റെ വിജയത്തിനായി പ്രയത്നിച്ചു.




## സമാപനം താരശോഭയിൽ

ജനപങ്കാളിത്തത്തിൽ തൃത്താലയുടെ ചരിത്രത്തിലെ മഹത്തായ വിജയം കുറിച്ചുകൊണ്ടാണ് മേള സമാപിച്ചത്. ഇന്ത്യൻ ഗ്രാമീണ സംരംഭങ്ങളുടെ തനിമയും സംസ്കാരവും നൃത്ത-സംഗീത-സാംസ് കാരിക പരിപാടികളും സമന്വയിച്ച മേള ചാലിശ്ശേരി യിൽ കൊടിയിറങ്ങിയത് 'ജനകീയ സരസ് മേള' എന്ന ഖ്യാതിയുമായാണ്. രണ്ടര ലക്ഷത്തിലേറെ ആളുകൾ മേള സന്ദർശിച്ചു. മന്ത്രി എം.ബി. രാജേഷ് സമാപന സമ്മേളനം ഉദ്ഘാടനം ചെയ്തു. പി. മമ്മിക്കുട്ടി എം. എൽ.എ. ജില്ലാ കളക്ടർ എം.എസ്. മാധവിക്കുട്ടി എന്നിവർ പങ്കെടുത്തു. ചലച്ചിത്രതാരം മഞ്ജു വാര്യർ മുഖ്യാതിഥിയായി.

കുടുംബശ്രീ കൂട്ടായ്മയുടെ കരുത്തും ജില്ലയിലെ തദ്ദേശ സ്ഥാപനങ്ങളുടെ പിന്തുണയും വകുപ്പ് ഉദ്യോഗസ്ഥർക്കൊപ്പം പോലീസ്, ഫയർഫോഴ്സ് ഉദ്യോഗസ്ഥരുടെ മുഴുവൻ സമയ സേവനവും വിവിധ വകുപ്പുകളുടെ സഹകരണവും മേളയെ വിജയമാക്കി.

# തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ഇനി ജനകീയ ഓഡിറ്റും



രാജ്യത്ത് ആദ്യമായി തദ്ദേശ സ്ഥാപനങ്ങളിലെ വികസന ക്ഷേമ പ്രവർത്തനങ്ങൾ ജനകീയ ഓഡിറ്റിന് വിധേയമാക്കാൻ നിയമം. ഇതുസംബന്ധിച്ച കേരള മുനിസിപ്പാലിറ്റി, പഞ്ചായത്ത് രാജ് ഭേദഗതി ബില്ല് നിയമസഭ പാസാക്കി.  ഗുണഭോക്താക്കൾക്ക് മാത്രമല്ല ജനങ്ങൾക്കാകെ തദ്ദേശ സ്ഥാപനങ്ങളിലെ ഭരണ നിർവഹണം  പരിശോധിക്കാൻ ഇതോടെ അധികാരം ലഭിക്കും. ആഭ്യന്തര വിജിലൻസ് മോണിറ്ററിങ് സംവിധാനവും ഏർപ്പെടുത്തും. പട്ടികജാതി, പട്ടികവർഗ വാർഡ് സംവരണത്തിന് പുതിയ മാനദണ്ഡം ബില്ലിലുണ്ട്. ഇരുവിഭാഗത്തിന്റെയും ജനസംഖ്യ തുല്യമാണെങ്കിൽ ആദ്യ തവണ നറുക്കെടുപ്പിലൂടെ സംവരണം നിശ്ചയിക്കും. തുടർന്നുള്ള തെരഞ്ഞെടുപ്പുകളിൽ റൊട്ടേഷനിലും.

തദ്ദേശസ്ഥാപനങ്ങളുടെ പരിധിയിൽ ഇനി തോന്നുംപടി പരസ്യബോർഡ് സ്ഥാപിക്കാനാകില്ല. ഫീസ് ഈടാക്കി കമാനങ്ങളും ബോർഡും സ്ഥാപിക്കാൻ അനുമതി നൽകും. അധ്യക്ഷരുടെയും സെക്രട്ടറിമാരുടെയും അധികാരപരിധി വിപുലീകരിക്കുന്നതിനുള്ള ഭേദഗതിയും ഉൾപ്പെടുത്തിയിട്ടുണ്ട്.

തദ്ദേശസ്ഥാപനങ്ങളിലെ പദ്ധതി നിർവഹണം സോഷ്യൽ ഓഡിറ്റിന് വിധേയമാക്കുന്നത് രാജ്യത്തിന് മുന്നിൽ കേരളത്തിന്റെ മറ്റൊരു മാതൃകയാവുകയാണ്. ഹൈക്കോടതി വിധിയുടെ അന്തസത്ത ഉൾക്കൊണ്ടാണ് ബാനറുകളും കൊടിതോരണങ്ങളും നിയമവിധേയമായി സ്ഥാപിക്കുന്നതിന് ഭേദഗതി കൊണ്ടു വന്നത്.

# കിഫ്ബി പദ്ധതികൾ നിക്ഷേപം 90,000 കോടി കടന്നു.

ഒമ്പതര വർഷത്തിനിടയിൽ കിഫ്ബി അംഗീകാരം നൽകിയത് 90,562 കോടി രൂപയുടെ 1,190 പദ്ധതികൾക്ക്. തദ്ദേശ സ്വയംഭരണ വകുപ്പുമായി ബന്ധപ്പെട്ട് ചന്തകളുടെ ആധുനികവൽക്കരണം, മുനിസിപ്പൽ കെട്ടിടങ്ങൾ, ശ്മശാനങ്ങൾ, സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ലാന്റുകൾ, ദ്രവ മാലിന്യ സംസ്കരണ പ്ലാന്റുകൾ, എൽ.ഇ.ഡി. സ്ട്രീറ്റ് ലൈറ്റുകൾ എന്നിങ്ങനെ നിരവധി പ്രോജക്ടുകൾ കിഫ്ബി ഏറ്റെടുത്ത് നടപ്പിലാക്കി.

70,562 കോടിയുടെ 1,183 അടിസ്ഥാന സൗകര്യ വികസന പദ്ധതികൾക്കും 20,000 കോടിയുടെ ഏഴ് ഭൂമി ഏറ്റെടുക്കൽ പാക്കേജുകൾക്കുമാണ് അംഗീകാരം നൽകിയത്. ഇതിൽ 37,388 കോടി രൂപ ചെലവഴിച്ചു. 21,881 കോടി രൂപയുടെ പദ്ധതികൾ പൂർത്തിയായി. 27,273 കോടിയുടെ പദ്ധതികൾ പുരോഗമിക്കുകയാണ്. കിഫ്ബിയുടെ രജത ജൂബിലി ആഘോഷങ്ങളുടെ ഭാഗമായി വിളിച്ച വാർത്താസമ്മേളനത്തിൽ ധനമന്ത്രി കെ.എൻ. ബാലഗോപാൽ ഇത് സംബന്ധിച്ച കണക്കുകൾ പങ്കുവെച്ചു.

പൊതുമരാമത്ത് വകുപ്പിനു കീഴിൽ 104 പദ്ധതികൾ പൂർത്തിയാക്കി. ദേശീയപാത വികസനത്തിന്റെ സ്ഥലമേറ്റെടുപ്പിന് സംസ്ഥാന വിഹിതമായി കിഫ്ബി വഴി 5,581 കോടി രൂപ കൈമാറി. ശബരിമല ഇടത്താവളങ്ങളുടെ വികസനത്തിന് 126.94 കോടിയുടെ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. തിരുവനന്തപുരം, കോട്ടയം മെഡിക്കൽ കോളേജുകളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തി. ഒമ്പത് താലൂക്ക് ആശുപത്രികളുടെയും രണ്ട് ജനറൽ ആശുപത്രികളുടെയും ഒരു ജില്ലാ ആശുപത്രിയുടെയും മലബാർ കാൻസർ സെന്ററിലെയും പണി പൂർത്തിയാക്കി. 45 ആശുപത്രികളിൽ ഡയാലിസിസ് യൂണിറ്റ് സജ്ജമാക്കി. 49 ഐസൊലേഷൻ വാർഡുകൾ പൂർത്തിയാക്കി.

വ്യവസായ രംഗത്ത് ഭൂമി ഏറ്റെടുക്കുന്നതിന് 20,000 കോടിയാണ് ചെലവഴിക്കുന്നത്. വൈദ്യുതി മേഖലയിൽ ട്രാൻസ്ഗ്രിഡ് പദ്ധതിക്കായി 1,709 കോടി ചെലവഴിച്ചു. 579 സ്കൂൾ കെട്ടിടങ്ങൾ പൂർത്തിയാക്കി. മത്സ്യവകുപ്പിനു കീഴിൽ 50 സ്കൂൾ കെട്ടിടങ്ങൾ നവീകരിച്ചു. 44,700 സ്കൂളുകളിൽ ഡിജിറ്റലൈസേഷൻ പൂർത്തിയാക്കി. ആനക്കാംപൊയിൽ - മേപ്പാടി ടണൽ റോഡ് നിർമാണത്തിന് 2,135 കോടിയുടെ പദ്ധതി അംഗീകരിച്ചു. കേശവദാസപുരം മുതൽ അങ്കമാലി വരെ എം.സി. റോഡ് വികസനത്തിന് 1,900 കോടി രൂപയുടെ ഭരണാനുമതി നൽകി.

ആരോഗ്യകേന്ദ്രങ്ങൾ, വിദ്യാലയങ്ങൾ എന്നിവയ്ക്ക് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിലും കിഫ്ബി പദ്ധതികൾ പ്രധാന പങ്കുവഹിച്ചു. ഇത് ആർദ്രം, വിദ്യാകിരണം മിഷനുകളുടെ വിജയത്തിൽ നിർണ്ണായകമായി.

വിഴിഞ്ഞം - കൊല്ലം - പുനലൂർ വികസന ത്രികോണ പദ്ധതി നടപ്പാക്കാൻ കിഫ്ബിക്ക് കീഴിൽ എസ്.പി.വി. രൂപീകരണത്തിനും അംഗീകാരം നൽകി. ഉന്നത വിദ്യാഭ്യാസ മേഖലയിൽ 2,227 കോടിയുടെ പ്രവർത്തനങ്ങൾ നടക്കുന്നതായും മന്ത്രി അറിയിച്ചു. കിഫ്ബി സി.ഇ.ഒ. ഡോ. കെ.എം. എബ്രഹാം, അഡിഷണൽ സി.ഇ.ഒ. മിനി ആന്റണി എന്നിവരും പങ്കെടുത്തു.



# ആർദ്രകേരളം അവാർഡുകൾ വിതരണം ചെയ്തു

സംസ്ഥാന ആരോഗ്യ വകുപ്പിന്റെ ആർദ്രകേരളം, കായകല്പ്, എംബിഎഫ്എച്ച്ഐ അവാർഡ്, നഴ്സസ് അവാർഡ് എന്നീ പുരസ്കാരങ്ങളുടെ വിതരണവും വിവിധ പദ്ധതികളുടെ ഉദ്ഘാടനവും ആരോഗ്യ മന്ത്രി വീണാ ജോർജ് തിരുവനന്തപുരം ടാഗോർ തിയേറ്ററിൽ നിർവഹിച്ചു. തദ്ദേശ സ്വയംഭരണ മന്ത്രി എം. ബി. രാജേഷ് അധ്യക്ഷത വഹിച്ചു.



ആരോഗ്യ മേഖലയെ ആധുനികതയിലേക്ക് നയിച്ച കാലഘട്ടമാണിതെന്ന് ആരോഗ്യ മന്ത്രി പറഞ്ഞു. ആരോഗ്യരംഗത്ത് ലോകോത്തരമായ പല സാങ്കേതിക സംവിധാനങ്ങളും കൊണ്ടുവന്നു. റോബോട്ടിക് സർജറി, ജി-ഗെയ്റ്റർ, ബ്ലഡ് ബാങ്ക് ട്രേസബിലിറ്റി തുടങ്ങിയ സംവിധാനങ്ങൾ യാഥാർത്ഥ്യമാക്കി. നൂല്പുഴ കുടുംബാരോഗ്യ കേന്ദ്രത്തിൽ റോബോട്ടിക് ഫിസിയോതെറാപ്പി സജ്ജമാക്കി. ആരോഗ്യ മേഖലയിൽ സമ്പൂർണ്ണ ഡിജിറ്റലൈസേഷൻ ലക്ഷ്യമിട്ടുള്ള പ്രവർത്തനങ്ങളാണ് നടത്തി വരുന്നത്. ഇ-ഓഫീസുകൾ സാധ്യമാക്കി. 900-ലധികം ആശുപത്രികളിൽ ഇ-ഹെൽത്ത് സംവിധാനം ഒരുക്കിയതായും മന്ത്രി വ്യക്തമാക്കി.

ശിശുമരണം അമേരിക്കയേക്കാൾ കുറഞ്ഞ നിരക്കിലേക്ക് കൊണ്ടുവരാൻ സാധിച്ചു. ആരോഗ്യ മേഖലയിൽ കഴിഞ്ഞ പത്ത് വർഷത്തിനിടയിൽ ഉണ്ടായ നേട്ടങ്ങൾ സമാനതകളില്ലാത്തതാണ്. എല്ലാ ആശുപത്രികളേയും ജനസൗഹൃദവും രോഗീസൗഹൃദവും ആക്കാനാണ് ലക്ഷ്യമിട്ടത്. ജനകീയ ആരോഗ്യ കേന്ദ്രങ്ങൾ മുതൽ മെഡിക്കൽ കോളേജുകൾ വരെയുള്ള ആശുപത്രികളിലെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിച്ചു. 5415 ജനകീയാരോഗ്യകേന്ദ്രങ്ങളും 308 നഗര ജനകീയാരോഗ്യ കേന്ദ്രങ്ങളും സ്ഥാപിച്ചു. 885 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ 740 എണ്ണം കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റി. അടിസ്ഥാന സൗകര്യ വികസനം, ലാബ് സൗകര്യം, വൈകുന്നേരം വരെയുള്ള ഒപി എന്നിവ ഉറപ്പാക്കി. എല്ലാവർക്കും ഇൻഷുറൻസ് പരിരക്ഷ ഉറപ്പാക്കുകയാണ് ലക്ഷ്യം. പൊതുജനാരോഗ്യ നിയമം

നടപ്പിലാക്കുന്നതിലെ മികവു കൂടി അടുത്ത വർഷം മുതൽ ആർദ്രകേരളം പുരസ്കാരത്തിന്റെ മാനദണ്ഡങ്ങളിൽ ഉൾപ്പെടുത്തും. തദ്ദേശ സ്ഥാപനങ്ങൾ മൈക്രോ പ്ലാനുകൾ തയ്യാറാക്കി പ്രതിരോധ പ്രവർത്തനങ്ങൾ ശക്തമാക്കണം. ഇതും പുരസ്ക്കാരത്തിന് പരിഗണിക്കും. ലാബ് പരിശോധനയിൽ സർക്കാർ നിർണായക ഇടപെടൽ നടത്തുകയാണ്. സംസ്ഥാനത്ത് നിർണയ ഹബ് ആൻഡ് സ്പോക്ക് മോഡൽ യാഥാർത്ഥ്യമാവുകയാണ്. 1300 ലാബുകളെ ബന്ധിപ്പിച്ച് 131 ലാബ് പരിശോധനകൾ നടത്താനാകും. അർഹരായവർക്ക് സൗജന്യമായും മറ്റുള്ളവർക്ക് മിതമായ നിരക്കിലും പരിശോധനകൾ നടത്താൻ സാധിക്കും. ഇന്ത്യാ പോസ്റ്റുമായി സഹകരിച്ചാണ് പദ്ധതി നടപ്പിലാക്കുന്നത്. ലാബ് പരിശോധനാ രംഗത്ത് ഇത് വലിയ മാറ്റം ഉണ്ടാക്കും.



എഎംആർ പ്രതിരോധത്തിന് സംസ്ഥാനം മാതൃകാപരമായ പ്രവർത്തനം നടത്തി. രണ്ട് ആശുപത്രികൾ ആന്റിബയോട്ടിക് സ്മാർട്ടായി. 100 ആരോഗ്യ കേന്ദ്രങ്ങൾ കൂടി ആന്റിബയോട്ടിക് സ്മാർട്ട് ആകുകയാണ്. അമീബിക് മസ്തിഷ്ക്കജ്വരം ചികിത്സയിലും പ്രതിരോധത്തിലും കേരളം വലിയ പ്രവർത്തനങ്ങളാണ് നടത്തിവരുന്നത്. ഐസിഎംആർ സഹകരണത്തോടെ പഠനങ്ങൾ തുടരുന്നു. പുരസ്കാരത്തിന് അർഹരായ എല്ലാവരേയും മന്ത്രി അഭിനന്ദിച്ചു.

തദ്ദേശ സ്ഥാപനങ്ങൾ പൊതുജനാരോഗ്യ രംഗത്ത് വലിയ ഇടപെടലുകളാണ് നടത്തിവരുന്നതെന്ന് ചടങ്ങിൽ അധ്യക്ഷനായ തദ്ദേശ സ്വയംഭരണ മന്ത്രി എം. ബി. രാജേഷ് പറഞ്ഞു. ആരോഗ്യ രംഗത്ത് തദ്ദേശ സ്ഥാപനങ്ങൾ നൽകുന്ന പിന്തുണ ദൃശ്യമാണെന്നും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ അവയുടെ ഉത്തരവാദിത്തം ഭംഗിയായി നിർവഹിക്കുന്നുണ്ടെന്നും മന്ത്രി പറഞ്ഞു.

ആരോഗ്യ മേഖലയിലെ പ്രവർത്തന മികവിനുള്ള ആർദ്രകേരളം 2023-24 അവാർഡുകൾ ചടങ്ങിൽ വിതരണം ചെയ്തു. 1,692.95 കോടി രൂപയുടെ ആരോഗ്യ സ്കീമുകളാണ് ഈ കാലയളവിൽ നടപ്പിലാക്കിയത്. പാലക്കാട് ജില്ലയിലെ വെള്ളിനേഴി ഗ്രാമപഞ്ചായത്ത്, എറണാകുളം ജില്ലയിലെ പള്ളുരുത്തി ബ്ലോക്ക് പഞ്ചായത്ത്, ഇടുക്കി ജില്ലാ പഞ്ചായത്ത്, ഗുരുവായൂർ മുനിസിപ്പാലിറ്റി, തിരുവനന്തപുരം മുനിസിപ്പൽ കോർപറേഷൻ എന്നിവ സംസ്ഥാന പുരസ്കാരങ്ങൾ സ്വന്തമാക്കി. കരകുളം (തിരുവനന്തപുരം), ആലപ്പാട് (കൊല്ലം), ഏഴംകുളം (പത്തനംതിട്ട), പനവള്ളി (ആലപ്പുഴ), വാഴൂർ (കോട്ടയം), രാജകുമാരി (ഇടുക്കി), രായമംഗലം (എറണാകുളം), കാറളം (തൃശൂർ), പെരുവമ്പ (പാലക്കാട്), വഴിക്കടവ് (മലപ്പുറം), കാക്കൂർ (കോഴിക്കോട്), എടവക (വയനാട്), കോട്ടയം (കണ്ണൂർ), കയ്യൂർ , ചീമേനി (കാസർഗോട്) എന്നിവയാണ് ജില്ലാ പുരസ്ക്കാരങ്ങൾ നേടിയത്.

# ഹബ് & സ്പോക്ക് ലബോറട്ടറി ശൃംഖല ഉദ്ഘാടനം ചെയ്തു

സമഗ്ര ലബോറട്ടറി പരിശോധനകൾ താഴെത്തട്ടിൽ ഉറപ്പ് വരുത്തുന്നതിനായി സർക്കാർ മേഖലയിലെ ലാബുകളെ ബന്ധിപ്പിച്ചു കൊണ്ടുള്ള നിർണയ ലബോറട്ടറി ശൃംഖലയുടെ (ഹബ് ആന്റ് സ്പോക്ക്) ഉദ്ഘാടനം മന്ത്രി വീണാ ജോർജ് നിർവഹിച്ചു. ഇതിലൂടെ തിരുവനന്തപുരം മുതൽ കാസർഗോഡ് വരെയുള്ള സർക്കാർ ലാബുകളുടെ സൗകര്യങ്ങൾ മെച്ചപ്പെടുത്തുകയും ഗുണനിലവാരം ഉയർത്തുകയും ലാബുകളെ പരസ്പരം ഹബ് ആൻഡ് സ്പോക്ക് മാതൃകയിൽ ബന്ധിപ്പിക്കുകയും ചെയ്യും. സൗജന്യമായോ മിതമായ നിരക്കിലോ വീടിന് തൊട്ടടുത്ത് പരിശോധന നടത്താം. കേരളത്തിന്റെ രോഗപരിശോധനാ ചരിത്രത്തിലെ വിപ്ലവകരമായ മുന്നേറ്റമാണ് ഇതെന്ന് മന്ത്രി പറഞ്ഞു.



അടിസ്ഥാന ലാബ് പരിശോധനകൾ, സങ്കീർണ ലാബ് പരിശോധനകൾ, എഎംആർ സർവെയലൻസ്, മെറ്റബോളിക്ക് സ്ക്രീനിങ്, ടിബി- ക്യാൻസർ സ്ക്രീനിങ്, ഔട്ട്ബ്രേക്ക് ഇൻവെസ്റ്റിഗേഷൻ പരിശോധനകൾ, സാംക്രമിക രോഗ നിർണയവും നിരീക്ഷണവും എന്നിങ്ങനെ ലബോറട്ടറി പരിശോധനകളെ ഏഴ് ഡൊമൈനുകളായി തരംതിരിച്ച് കുടുംബാരോഗ്യ കേന്ദ്രങ്ങളുടെ തലത്തിൽ തന്നെ പൊതുജനങ്ങൾക്ക് പ്രാപ്യമാക്കുന്ന ഇതുപോലുള്ള സംവിധാനം രാജ്യത്ത് ആദ്യമായാണ് നടപ്പിലാക്കുന്നത്. സംസ്ഥാനത്തെ ആരോഗ്യ വകുപ്പിന് കീഴിലുള്ള 1300 ഓളം ലാബുകൾ നിലവിൽ നിർണയ പദ്ധതിയുടെ ഭാഗമാണ്. ഇതിൽ വിവിധ ജില്ലകളിലായി ഇരുനൂറിലധികം ഹബ്ബ് ലാബുകളും 1100 ഓളം സ്പോക്ക് ലാബുകളും ഉൾപ്പെടുന്നു.

കേരള സർക്കാരിന്റെ ഇ-ഹെൽത്ത് പോർട്ടൽ വഴിയാണ് റിസൾട്ട് ലഭ്യമാക്കുന്നത്. പോർട്ടലിലും, എസ്എംഎസ് ആയും, മീ-ഹെൽത്ത് (meHealth) മൊബൈൽ ആപ്പ് വഴിയും റിസൾട്ട് ലഭ്യമാകും. ഇന്ത്യൻ പോസ്റ്റൽ സർവീസും ഈ പദ്ധതിയുമായി സഹകരിക്കുന്നു. കൂടുതൽ സങ്കീർണമായ ടെസ്റ്റുകൾ കുടുംബാരോഗ്യ/ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളുടെ തലത്തിൽ തന്നെ സാധ്യമാകുന്നു. ദൂരെയുള്ള ഹബ് ലാബിൽ നേരിട്ട് ചെല്ലാതെ തന്നെ പരിശോധനകൾ നടത്തുവാൻ രോഗിക്ക് സാധിക്കുന്നു. മാനദണ്ഡങ്ങൾ പാലിച്ചു കൊണ്ടുള്ള, ഗുണ നിലവാരമുള്ള പരിശോധനകൾ, കുറഞ്ഞ ചിലവിൽ രോഗിക്ക് ലഭ്യമാകുന്നു. സാമ്പിളുകൾ പരിശോധനയ്ക്കായി നൽകിയ സ്പോക്ക് ലാബുകളായ ഹെൽത്ത് സെന്ററിൽ നിന്ന് ടെസ്റ്റ് റിസൾട്ടുകൾ സമയബന്ധിതമായി രോഗിക്ക് ലഭിക്കുന്നു. പരിശോധനാ സമയത്ത് നൽകിയ വെരിഫൈഡ് രജിസ്റ്റേഡ് മൊബൈൽ നമ്പറിലും റിസൽട്ടുകൾ ലഭിക്കും.

# 'ഒരു തൈ നടാം' ക്യാമ്പയിൻ ഒരു കോടി വൃക്ഷത്തൈകൾ നട്ടു

ലോക പരിസ്ഥിതി ദിനത്തിൽ ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ സംസ്ഥാനമൊട്ടാകെ ഒരു കോടി വൃക്ഷത്തൈകൾ നട്ടുപിടിപ്പിക്കാൻ ലക്ഷ്യമിട്ട് ആരംഭിച്ച 'ഒരു തൈ നടാം' ജനകീയ വൃക്ഷവൽക്കരണ പരിപാടി ലക്ഷ്യം നേടി. ക്യാമ്പയിന്റെ സംസ്ഥാനതല പൂർത്തീകരണ പ്രഖ്യാപനം തൃശൂർ ടൗൺ ഹാളിൽ റവന്യൂ മന്ത്രി കെ. രാജൻ നിർവഹിച്ചു. നവകേരളം കർമപദ്ധതി സംസ്ഥാന കോ-ഓർഡിനേറ്ററും ഹരിതകേരളം മിഷൻ ചെയർപേഴ്സണുമായ ഡോ. ടി.എൻ. സീമ ക്യാമ്പയിൻ റിപ്പോർട്ട് അവതരിപ്പിച്ചു. സംസ്ഥാനമൊട്ടാകെ 1,05,52,511 തൈകളാണ് നട്ടത്.

ക്ലിഫ് ഹൗസ് അങ്കണത്തിൽ കുളമാവ് തൈ നട്ട് മുഖ്യമന്ത്രി പിണറായി വിജയനാണ് 'ഒരു തൈ നടാം' ജനകീയ വൃക്ഷവൽക്കരണ ക്യാമ്പയിന് തുടക്കം കുറിച്ചത്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പിന്തുണ ക്യാമ്പയിൻ വിജയത്തിന് പ്രധാന ഘടകമായി. വിദ്യാർഥികൾ, കുടുംബശ്രീ പ്രവർത്തകർ, തൊഴിലുറപ്പ് തൊഴിലാളികൾ, ഹരിതകർമസേനാംഗങ്ങൾ, ജീവനക്കാർ,



റസിഡന്റ്സ് അസോസിയേഷനുകൾ, ആരാധനാലയങ്ങൾ, വായനശാലകൾ, സാമൂഹിക രാഷ്ട്രീയ സംഘടനകൾ തുടങ്ങി എല്ലാ ജനവിഭാഗങ്ങളെയും പങ്കെടുപ്പിച്ചാണ് ക്യാമ്പയിൻ സംഘടിപ്പിച്ചത്. വംശനാശ ഭീഷണി നേരിടുന്ന വൃക്ഷങ്ങളുടെ തൈകൾ നട്ടുപിടിപ്പിക്കുന്നതിന് പ്രത്യേകം ശ്രദ്ധിച്ചു.

ക്യാമ്പയിന്റെ ഭാഗമായി ലോക സൗഹൃദ ദിനത്തിലും തുടർന്നുള്ള ദിവസങ്ങളിലുമായി സുഹൃത്തുക്കൾ തമ്മിൽ വൃക്ഷത്തൈകൾ കൈമാറുന്ന 'ചങ്ങാതിക്കൊരു തൈ' പരിപാടി സ്കൂളുകളിലും കോളേജുകളിലും ഓഫീസുകളിലും മറ്റ് സ്ഥാപനങ്ങളിലും ഗ്രന്ഥശാലകളിലും നടന്നു. വൃക്ഷത്തൈകൾ നട്ട സ്ഥലവും തൈകളുടെ വളർച്ചയും നിരീക്ഷിക്കുന്നതിന് കേരള സാങ്കേതിക സർവകലാശാലയുടെ പിന്തുണയോടെ ജിയോടാഗിംഗ് സംവിധാനം ഏർപ്പെടുത്തി വരികയാണെന്ന് ഡോ. ടി.എൻ. സീമ അറിയിച്ചു. ഹരിതകേരളം മിഷൻ നടപ്പാക്കി വരുന്ന പച്ചത്തുരുത്ത് പദ്ധതിയുടെ വ്യാപനവും ക്യാമ്പയിനിൽ ഉൾപ്പെടുത്തിയിരുന്നു. ക്യാമ്പയിനിൽ മികച്ച പ്രവർത്തനം നടത്തിയവർക്കുള്ള പുരസ്കാര വിതരണവും നവംബർ 6 ന് നടന്നു.

# ഡിജി കേരളം പദ്ധതി
# കേരളത്തിന് ദേശീയ അംഗീകാരം

സംസ്ഥാന സർക്കാർ നടപ്പിലാക്കിയ 'ഡിജി കേരളം' പദ്ധതിക്ക് ദേശീയ അംഗീകാരം. ഒഡീഷയിലെ ഭുവനേശ്വറിൽ നടന്ന 19-ാമത് ഡിജിറ്റൽ ട്രാൻസ്ഫോർമേഷൻ കോൺക്ലേവ് ആൻഡ് അവാർഡ്സിലാണ് കേരളത്തിന്റെ ഡിജിറ്റൽ മുന്നേറ്റത്തിന് പുരസ്കാരം ലഭിച്ചത്. ഒഡീഷ മുഖ്യമന്ത്രി മോഹൻ ചരൺ മാജി ഉൾപ്പെടെയുള്ളവർ പങ്കെടുത്ത ദേശീയ കോൺക്ലേവിൽ വിവിധ സംസ്ഥാനങ്ങളിലെ മികച്ച ഡിജിറ്റൽ ഭരണ, സാങ്കേതിക പദ്ധതികൾ അവലോകനം ചെയ്തു.

ഇ-ഗവേണൻസ്, സാങ്കേതികവിദ്യയുടെ സംയോജനം, സൈബർ സുരക്ഷ തുടങ്ങിയ വിഷയങ്ങളെ കേന്ദ്രീകരിച്ചുള്ള ചർച്ചകളാണ് കോൺക്ലേവിൽ പ്രധാനമായും നടന്നത്. 'ഡിജി കേരളം' പദ്ധതിയിലൂടെ ഭരണ സംവിധാനങ്ങൾ ഡിജിറ്റൽവത്ക്കരിക്കാനും പൗരന്മാർക്ക് കാര്യക്ഷമവും സുതാര്യവുമായ സേവനങ്ങൾ വിരൽത്തുമ്പിൽ ലഭ്യമാക്കാനും കഴിഞ്ഞിട്ടുണ്ട്. തദ്ദേശ സ്വയംഭരണ വകുപ്പിന്റെ നേതൃത്വത്തിൽ സംസ്ഥാനത്ത് നടപ്പിലാക്കിയ ഈ പദ്ധതി സാധാരണക്കാർക്ക് ഡിജിറ്റൽ സാക്ഷരത നേടുന്നതിനും സർക്കാർ സേവനങ്ങൾ അതിവേഗം ലഭിക്കുന്നതിനും സഹായകമായി. ഡിജിറ്റൽ ഭരണരംഗത്തെ മികവിൽ കേരളം മറ്റു സംസ്ഥാനങ്ങൾക്ക് മാതൃകയാണെന്ന് കോൺക്ലേവ് വിലയിരുത്തി.




സംസ്ഥാനത്ത് ഡിജി കേരളം പദ്ധതിയിലൂടെ 21,87,667 വ്യക്തികളാണ് പുതിയതായി ഡിജിറ്റൽ സാക്ഷരരായത്. തദ്ദേശസ്വയംഭരണ വകുപ്പിന്റെ നേതൃത്വത്തിൽ കുടുംബശ്രീ, സാക്ഷരത മിഷൻ, ലൈബ്രറി കൗൺസിൽ, നാഷണൽ സർവീസ് സ്കീം, തൊഴിലുറപ്പ് പദ്ധതി പ്രവർത്തകർ, വിദ്യാർഥികൾ, യുവജനങ്ങൾ, ഉദ്യോഗസ്ഥർ എന്നിവരെ ഉൾപ്പെടുത്തിയുള്ള പ്രവർത്തനങ്ങളാണ് സമ്പൂർണ്ണ ഡിജിറ്റൽ സാക്ഷരത നേടിയ ഇന്ത്യയിലെ ആദ്യ സംസ്ഥാനമെന്ന പദവി കരസ്ഥമാക്കുവാൻ കേരളത്തിന് സഹായകരമായത്. മുഖ്യമന്ത്രിയുടെ പ്രതിമാസ അവലോകനങ്ങളും വകുപ്പ് മന്ത്രി എം.ബി.രാജേഷിന്റെ നേരിട്ടുള്ള ഇടപെടലുകളും പദ്ധതി നിർവഹണം വേഗത്തിലാക്കി.

മുതിർന്ന പൗരന്മാർ മുതൽ വിദൂര ആദിവാസി മേഖലകളിലെ ജനങ്ങളെയും ഉൾപ്പെടുത്തുന്ന രീതിയിലാണ് പദ്ധതിയുടെ പരിശീലനം നടപ്പിലാക്കിയത്. വ്യക്തിഗത സ്മാർട്ട്ഫോൺ ഇല്ലാത്തവർക്ക് പരിശീലനം നൽകുന്നതിനായി പരിശീലന സൗകര്യങ്ങളും ലളിതമായ മൊബൈൽ ആപ്പ് മുഖേന മൂല്യനിർണ്ണയ സംവിധാനവും ഇതോടൊപ്പം ഒരുക്കി.

പ്രിൻസിപ്പൽ ഡയറക്ടർ ജെറോമിക് ജോർജ്ജിനൊപ്പം തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറേറ്റിൽ ഡെപ്യൂട്ടി ഡയറക്ടർ രാജീവ് വി.ആർ., അസിസ്റ്റന്റ് ഡയറക്ടർ സജിന സത്താർ എന്നിവരാണ് പദ്ധതിയുടെ സംസ്ഥാനതല നിർവഹണ ഉദ്യോഗസ്ഥരായി പ്രവർത്തിച്ചത്.

# ക്ലൂ ആപ്
# പ്രകാശനം ചെയ്തു

യാത്രക്കാർക്ക് സൗകര്യപ്രദവും ശുചിത്വമുള്ളതും സുരക്ഷിതവുമായ ടോയ്‌ലറ്റ് സൗകര്യങ്ങൾ സുഗമമായി കണ്ടെത്തുന്നതിനായി ശുചിത്വ മിഷന്റെ ആഭിമുഖ്യത്തിൽ വികസിപ്പിച്ച ക്ലൂ മൊബൈൽ ആപ്ലിക്കേഷൻ തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി എം.ബി. രാജേഷ് മസ്കറ്റ് ഹോട്ടലിൽ പ്രകാശനം ചെയ്തു. പബ്ലിക്ക് ടോയ്‌ലറ്റുകൾ, സ്വകാര്യ ഹോട്ടലുകളിലെ ടോയ്‌ലറ്റുകൾ തുടങ്ങിയവയെ ബന്ധിപ്പിച്ചു കൊണ്ട് ഉപയോക്താക്കൾക്ക് സൗകര്യപ്രദമായ ടോയ്‌ലറ്റ് കണ്ടെത്തുന്നതിന് സഹായകരമായ രീതിയിലാണ് ക്ലൂ ആപ്പ് സജ്ജീകരിച്ചിരിക്കുന്നത്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, കേരള ഹോട്ടൽ ആന്റ് റസ്റ്റോറന്റ് അസോസിയേഷൻ എന്നിവയുടെ സഹകരണത്തോടെയാണ് ഇത് ആവിഷ്കരിച്ചിട്ടുള്ളത്. സർക്കാർ നിർമ്മിച്ച 1832 'ടേക്ക് എ ബ്രേക്ക്' (Take a Break) കേന്ദ്രങ്ങളിൽ മികച്ച റേറ്റിംഗുള്ളവയും ആപ്പിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഫ്രൂഗൽ സയന്റിഫിക് പ്രൈവറ്റ് ലിമിറ്റഡാണ് മൊബൈൽ ആപ്പ് വികസിപ്പിച്ചത്.




ശുചിത്വ മിഷൻ നിശ്ചിത മാനദണ്ഡപ്രകാരം റേറ്റിംഗ് നൽകിയിട്ടുള്ള ടോയ്‌ലറ്റുകളെയാണ് ക്ലൂ ശൃംഖലയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ഇവയുടെ നിലവാരം ഉപയോക്താക്കൾക്ക് നേരിട്ട് റേറ്റ് ചെയ്യാൻ കഴിയും. സംസ്ഥാനത്തെ പ്രധാന നാഷണൽ ഹൈവേ, സ്റ്റേറ്റ് ഹൈവേ, ടൂറിസം റോഡുകൾ എന്നിവയെയാണ് പദ്ധതിയുടെ ആദ്യഘട്ടത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

തദ്ദേശ സ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറി ടി.വി. അനുപമ സ്വാഗതം ആശംസിച്ചു. പ്ലാനിങ് ബോർഡ് അംഗം ജിജു പി. അലക്സ്, തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ ജെറോമിക് ജോർജ്, ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ യു വി ജോസ്, വാഷ് ഇൻസ്റ്റിറ്റ്യൂട്ട് എക്സിക്യൂട്ടീവ് ഡയറക്ടർ ഡോ. അറുമുഖം കാളിമുത്തു, കേരള ഹോട്ടൽ ആന്റ് റസ്റ്റോറന്റ് അസോസിയേഷൻ ജനറൽ സെക്രട്ടറി ജി. ജയപാൽ തുടങ്ങിയവർ പങ്കെടുത്തു.

# കുടുംബശ്രീ ഉൽപ്പന്നങ്ങൾ കെ – ഇനം ബ്രാന്റിൽ റീട്ടെയിൽ വിപണിയിലേക്ക്

കേരളത്തിലെ കടകളിലും സൂപ്പർ മാർക്കറ്റുകളിലും ഇനി കുടുംബശ്രീ ഉൽപ്പന്നങ്ങൾ ലഭ്യമാകും. സംരംഭകർക്ക് സുസ്ഥിര വരുമാനവും വിപുലമായ വിപണിയും ഉറപ്പാക്കാൻ 'കെ-ഇനം' എന്ന ഏകീകൃത ബ്രാൻഡുമായി റീട്ടെയിൽ രംഗത്തേക്ക് കുടുംബശ്രീ ചുവടുവെക്കുകയാണ്. ഓൾ കേരള ഡിസ്ട്രിബ്യൂട്ടേഴ്സ് അസോസിയേഷനുമായി (AKDA) സഹകരിച്ച് പ്രാദേശിക വിതരണ ഏജൻസികൾ വഴിയാണ് ഉൽപ്പന്നങ്ങൾ ഉപഭോക്താക്കളിലേക്ക് എത്തിക്കുന്നത്. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി എം. ബി. രാജേഷ് ജനുവരി 28-ന് നടത്തിയ വാർത്താസമ്മേളനത്തിലാണ് ഇതു സംബന്ധിച്ച വിവരങ്ങൾ പങ്കുവെച്ചത്.



സംസ്ഥാനത്തെ 14 ജില്ലകളിലും വിതരണ ഏജൻസികളെയും സംരംഭകരെയും നേരിട്ട് ബന്ധിപ്പിക്കുന്ന ബി2ബി മീറ്റുകൾ വിജയകരമായി പൂർത്തിയായി. 900-ലേറെ സംരംഭകരും 227 വിതരണക്കാരും പങ്കെടുത്ത ഈ കൂടിക്കാഴ്ചകളിൽ ഉൽപ്പന്നങ്ങളുടെ കൈമാറ്റം, വില, മാർജിൻ എന്നിവയിൽ ധാരണയായി. നിലവിൽ ഹോംഷോപ്പുകൾ, സരസ് മേളകൾ, പോക്കറ്റ്മാർട്ട് ആപ്പ് എന്നിവയിലൂടെ പരിമിതമായ ഇടങ്ങളിൽ മാത്രം ലഭിച്ചിരുന്ന കുടുംബശ്രീ ഉൽപ്പന്നങ്ങൾ, 5000-ഓളം വരുന്ന വിതരണക്കാരുടെ ശൃംഖലയിലൂടെ ഇനി കേരളത്തിലുടനീളം ലഭ്യമാകും.

ആദ്യഘട്ടത്തിൽ വൈവിധ്യമാർന്ന കറി പൗഡറുകൾ, മസാലകൾ, ധാന്യപ്പൊടികൾ, ചിപ്സ്, ശർക്കരവരട്ടി തുടങ്ങിയവയാണ് വിപണിയിലെത്തുന്നത്. ഇവയ്ക്കൊപ്പം ഐ.സി.എ.ആർ, സി. എസ്.ഐ.ആർ തുടങ്ങിയ പ്രമുഖ ഗവേഷണ സ്ഥാപനങ്ങളുടെ സാങ്കേതിക സഹായത്തോടെ തയ്യാറാക്കിയ മുപ്പതോളം 'കെ-ഇനം' ഭക്ഷ്യവിഭവങ്ങളും വിപണിയിലിറങ്ങും. കുടുംബശ്രീ ടെക്നോളജി അഡ്വാൻസ്മെന്റ് പ്രോഗ്രാമിന്റെ (കെ-ടാപ്) ഭാഗമായി വികസിപ്പിച്ച ഈ ഉൽപ്പന്നങ്ങൾ ഉയർന്ന ഗുണനിലവാരവും പോഷകഗുണവും ഉറപ്പാക്കുന്നവയാണ്. പ്രാദേശിക സാമ്പത്തിക വികസനത്തിനൊപ്പം സംരംഭകരുടെ ജീവിതനിലവാരം മെച്ചപ്പെടുത്തുക എന്ന വലിയ ലക്ഷ്യമാണ് ഈ പദ്ധതിക്ക് പിന്നിലെന്ന് മന്ത്രി വ്യക്തമാക്കി.

വാർത്താസമ്മേളനത്തിൽ കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ എച്ച്. ദിനേശൻ, ചീഫ് ഓപ്പറേറ്റിങ്ങ് ഓഫീസർ നവീൻ സി., AKDA ദേശീയ വൈസ് പ്രസിഡന്റ് എ. മുജീബ് റഹ്മാൻ എന്നിവരും സംബന്ധിച്ചു.



Marry Click Done
ഓൺലൈൻ വിവാഹ രജിസ്ട്രേഷൻ
K smart
കേരളം വഴികാട്ടുന്നുവെന്ന് ദേശീയ മാധ്യമങ്ങൾ
ET THE ECONOMIC TIMES
Marriage registration through video KYC an instant hit in Kerala; A boon to NRKs
The Tribune
Trending Videos India Opinion UPSC
Home / India / Online marriage registration through video KYC a hi
Online marriage registration through video KYC a hit in Kerala
Digital system proves a boon for Non-resident Keralites
PTI
Thiruvananthapuram, Updated At : 10:34 AM Sep 28, 2025 IST
HOME PAGE » NEWS » KERALA » MARRIAGE
Marry, click, done: Kerala's digital marriage registration is a 'saviour' for NRK couples
# News Desk
28 September 2025, 09:44 AM IST
Business Standard
HOME FINANCE NEWS ANALYSIS PERSONAL FINANCE
Subscribe
Marriage registration goes digital in Kerala: Here's how video KYC works
Kerala's new video KYC system lets couples register their marriages online quickly and easily. Here's a simple guide to complete the process from anywhere.
Business Standard
Home / India News / Kerala's video KYC marriage registration gai...
Kerala's video KYC marriage registration gains popularity, aiding NRKs
Launched across urban local bodies in the January last year, it has been extended to from this April, ensuring universal access
THE WEEK
Home Wire Updates NATIONAL
Marriage registration through video KYC an instant hit in Kerala A boon to NRK
GNT
Marriage Registration Through Video KYC: घर बैठे कर सकते हैं शादी का रजिस्ट्रेशन... इस राज्य ने शुरू की डिजिटल सर्विस... जानिए
मलयाली लोग दुनिया के किसी भी कोने से सिर्फ़ ऑनलाइन प्रक्रिया के ज़रिए अपनी शादी रजिस्टर करा सकते हैं और कुछ ही मिनटों में डिजिटल
Hindustan Times
Subscribe
Video KYC marriage registration gains popularity in Kerala, a relief for Non-Resident Keralites
PTI
Updated on: Sept 28, 2025 09:32 am IST
IN FOCUS
Kerala's Digital Revolution: Marriages Are Just a Click Away!
Kerala has pioneered an online marriage registration system through the K-SMART platform, allowing ... without being physically present. The initiative, launched across urban and rural areas, has led to over 62,524 online registrations, significantly reducing the need for physical presence in local offices.
M.B Rajesh
MINISTER FOR LSGD&EXCISE& PARLIAMENTARY AFFAIRS

THADDESAKAM (MONTHLY) JANUARY 2026
₹30 Annual Subscription ₹300, Published on JANUARY 2026

RNI. No: KERML/2023/89208
Press Registrar General of India Dated 16/12/2024




Printed & published and Owned by Geromic George I A S, Principal Director, Directorate of Local Self Government Department of Kerala, Printed at Gramalekshmi Mudralayam, Kalliyoor, Thiruvananthapuram
Published from Principal Directorate, Swaraj Bhavan, Nandancode, Kowdiar P.O., Thiruvananthapuram, Kerala 695 003,
Editor: Deepa K.